**പതിമൂന്നാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## നാല്പത്തിയഞ്ചാമത് റിപ്പോർട്ട്

(2015 ഡിസംബർ 2-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2004-2006)യുടെ പത്തൊൻപതാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

**നാല്പത്തിയഞ്ചാമത് റിപ്പോർട്ട്**

**[സമിതി (2004-2006)യുടെ പത്തൊൻപതാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

**[സമിതി (2004-2006)യുടെ പത്തൊൻപതാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]**

41/2016.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : പ്രധാനപ്പെട്ട നിഗമനങ്ങൾ/ശിപാർശകൾ | .. | 38 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## ഘടന

**അദ്ധ്യക്ഷൻ :**

ശ്രീ. വർക്കല കഹാർ

**അംഗങ്ങൾ :**

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

,, കെ. അച്ചുതൻ

,, എം. ചന്ദ്രൻ

,, കെ. കെ. ജയചന്ദ്രൻ

,, മുല്ലക്കര രത്നാകരൻ

,, എൻ. ഷംസുദ്ദീൻ

,, കെ. ശിവദാസൻ നായർ

,, പി. ശ്രീരാമകൃഷ്ണൻ

,, ജി. സുധാകരൻ

,, എം. എ. വാഹീദ്.

**നിയമസഭാ സെക്രട്ടേറിയറ്റ്:**

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-2016)-യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം നാൽപ്പത്തിയഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സമിതി (2004-2006)യുടെ പത്തൊൻപതാമത് റിപ്പോർട്ടിലെ ശിപാർശകളിൻ മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2015 നവംബർ 11-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2015 ഡിസംബർ 2.

# റിപ്പോർട്ട്

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-2006)യുടെ കോട്ടയം ജില്ലയിലെ നഗരസഭകളെ സംബന്ധിച്ച 19-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-2006)യുടെ 19-ാമത് റിപ്പോർട്ട് 2006 മാർച്ച് മാസം 15-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ ആകെ 25 ശിപാർശകളാണ് ഉള്ളത്. പ്രസ്തുത ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് സർക്കാർ നൽകിയ മറുപടി 13-12-2006, 18-1-2007, 24-10-2007, 4-6-2008, 17-6-2008, 10-11-2009 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയുണ്ടായി.

റിപ്പോർട്ടിലെ ഖണ്ഡിക 5, 11, 21, 41, 50, 54, 60, 62, 66, 71, 75, 78, 80, 86, 89, 92, 95, 98 എന്നിവയിലെ ശിപാർശകളിന്മേൽ ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ അവ സംബന്ധിച്ച് സമിതി അധികവിവരം ആരാഞ്ഞിരുന്നു. ആയതിന് സർക്കാർ മറുപടിയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സൂക്ഷ്മപരിശോധനാ റിപ്പോർട്ടും ലഭ്യമാക്കുകയുണ്ടായി. റിപ്പോർട്ടിലെ ശിപാർശ, ശിപാർശയിന്മേൽ ലഭിച്ച മറുപടി, സമിതി ആവശ്യപ്പെട്ട അധികവിവരം, അവയ്ക്ക് സർക്കാരിൽ നിന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറിൽ നിന്നുമുള്ള മറുപടി, തുടർ ശിപാർശ എന്നിവ അദ്ധ്യായം I-ൽ ചേർത്തിരിക്കുന്നു. സർക്കാരിൽനിന്നു ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തരനടപടികൾ തുടരേണ്ടതില്ല എന്നു തീരുമാനിച്ച ശിപാർശകളും സർക്കാർ മറുപടികളും അദ്ധ്യായം II-ൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. കൂടാതെ, സമിതി ആരാഞ്ഞ അധികവിവരങ്ങൾക്ക് സർക്കാർ നൽകിയ മറുപടിയുടെയും ലോക്കൽ ഫണ്ട് ഓഡിറ്റ് നൽകിയ സൂക്ഷ്മപരിശോധനാ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ അനന്തര നടപടികൾ തുടരേണ്ടതില്ല എന്ന് തീരുമാനിച്ച ഖണ്ഡിക 60, 66, 89, 92, 95, 98 എന്നിവയിലെ ശിപാർശകളും ആയവയിന്മേൽ ലഭിച്ച മറുപടികളും അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം I

## ശിപാർശകളിന്മേലുള്ള മറുപടി തൃപ്തികരമല്ലാത്തതിനാൽ സമിതി ആരാഞ്ഞ അധികവിവരവും സർക്കാർ സ്വീകരിച്ച നടപടിയും തുടർശിപാർശകളും

### ഖണ്ഡിക നമ്പർ 5

### ശിപാർശ

1.1.1 ക്വാർട്ടേഴ്സിൽ താമസം തുടങ്ങിയാൽ എച്ച്. ആർ. എ.യ്ക്ക് അർഹതയില്ലാത്തതിനാൽ അപ്രകാരം അധികം തുക കൈപ്പറ്റിയ ജീവനക്കാരിൽ നിന്നും അടിയന്തരമായി തുക വസൂലാക്കുന്നതോടൊപ്പം ആദ്യ ഓഡിറ്റ് പരാമർശം വന്നതിന് ശേഷവും എച്ച്. ആർ. എ. അനുവദിച്ച ഉദ്യോഗസ്ഥനെതിരെ വകുപ്പുതല നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.ഏ

<u>സർക്കാർ സ്വീകരിച്ച നടപടി</u>

1.1.2 ജീവനക്കാരിൽ നിന്ന് വസൂലാക്കിയ തുകയുടെ വിവരം

| വർഷം | നഷ്ടം | ഈടാക്കിയത് | ബാക്കി |
|---|---|---|---|
| 1996-97 | 4,746 | 4,746 | ഇല്ല |
| 1997-98 | 8,478 | 7,538 | 940 |
| 1998-99 | 17,886 | 9,563 | 8,323 |

<u>സമിതി ആരാഞ്ഞ അധികവിവരം</u>

1.1.3 ഓഡിറ്റ് പരാമർശം വന്നതിനു ശേഷവും എച്ച്. ആർ. എ. അനുവദിച്ച ഉദ്യോഗസ്ഥനെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടില്ലെന്ന് സമിതിയുടെ ശ്രദ്ധയിൽപ്പെട്ടതിനാൽ ഇക്കാര്യത്തിൽ ഭരണ വകുപ്പും നഗരകാര്യാലയ ഡയറക്ടറും അടിയന്തര നടപടി സ്വീകരിച്ച് സമിതിക്ക് അന്തിമ റിപ്പോർട്ട് ലഭ്യമാക്കണം.

<u>തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച അധികവിവരം</u>

1.1.4 അർഹതയില്ലാതെ എച്ച്. ആർ. എ. കൈപ്പറ്റിയവരിൽ നിന്നും തുക ഇതിനോടകം പൂർണ്ണമായി ഈടാക്കിയതായി 26-7-2012-ലെ എ 2/158/03 നമ്പർ കത്ത് പ്രകാരം കോട്ടയം നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഓഡിറ്റ് പരാമർശം വന്നതിനുശേഷവും എച്ച്. ആർ. എ. അനുവദിച്ച ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതലത്തിൽ അച്ചടക്കനടപടികൾ സ്വീകരിക്കുകയും കുറ്റാരോപണ മെമ്മോ നൽകുകയും ചെയ്തിട്ടുള്ളതാണ്. ആയതിന്മേൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

<u>അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ</u>
<u>ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

1.1.5 ക്വാർട്ടേഴ്സ് അനുവദിച്ച ജീവനക്കാർക്ക് എച്ച്. ആർ. എ. അനുവദിച്ച് നൽകിയത്-സർവ്വീസിലുള്ള ജീവനക്കാരുടെ 2/08 മുതലുള്ള ശമ്പളത്തിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പ്രതിമാസ പെൻഷനിൽ നിന്നും തുക പൂർണ്ണമായി ഈടാക്കിയിട്ടുണ്ട്. ഓഡിറ്റ് പരാമർശം വന്ന ശേഷവും എച്ച്. ആർ. എ. അനുവദിച്ച ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതലത്തിൽ അച്ചടക്കനടപടികൾ സ്വീകരിച്ചു എന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ വിശദാംശങ്ങളോ, തുടർനടപടികളുടെ വിവരമോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. തുക പൂർണ്ണമായി തിരിച്ചടച്ചിട്ടുണ്ട്. അപാകത ആവർത്തിക്കുന്നില്ല.

<u>തുടർ ശിപാർശ</u>

**1.1.6 ഓഡിറ്റ് പരാമർശം വന്നതിനുശേഷവും എച്ച്. ആർ. എ. അനുവദിച്ച ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച അച്ചടക്കനടപടിയുടെ വിശദാംശങ്ങൾകൂടി സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഖണ്ഡിക നമ്പർ 11</u>

<u>ശിപാർശ</u>

1.2.1 മുനിസിപ്പൽ സെക്രട്ടറി ശ്രീ. മാർട്ടിനൻ ആണ് പേയ്മെന്റ് നടത്തിയതെങ്കിലും ടി ഓഡിറ്റ് പരാമർശം വന്നതിനുശേഷം വന്ന സെക്രട്ടറിമാർ തുക ഈടാക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നും ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാതിരുന്നവർ ആരാണെന്ന് കണ്ടെത്തി ഉത്തരവാദിത്വം നിജപ്പെടുത്തി റിക്കവറി നടപടി കൈക്കൊള്ളണമെന്നും ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

1.2.2 സമിതിയുടെ നിർദ്ദേശപ്രകാരം തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതാണെന്ന് നഗരസഭാ സെക്രട്ടറി മറുപടി നൽകിയിരിക്കുന്നു.

<u>സമിതി ആരാഞ്ഞ അധികവിവരം</u>

1.2.3 റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി ആയതിന്മേലുള്ള അന്തിമറിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണം.

<u>തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച അധികവിവരം</u>

1.2.4 ഉത്തരവാദികളായ സെക്രട്ടറിമാരിൽ ശ്രീമതി ആനി സ്റ്റീഫൻ, ശ്രീ. കെ. സി. ജോസഫ്, ശ്രീ. ബി. ദിലീപ് കുമാർ എന്നിവരിൽ നിന്നും തുക ഈടാക്കിയിട്ടുണ്ട്. ശ്രീമതി സബീനാ പോൾ, ശ്രീ. എസ്. സുദർശനൻ, ശ്രീ. വിജയകുമാർ എന്നിവർ തുക ഒടുക്കിയിട്ടില്ലെന്ന് കോട്ടയം നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. റിട്ടയർ ചെയ്ത സെക്രട്ടറിമാരായ ശ്രീ. സുദർശനൻ, ശ്രീ. വിജയകുമാർ എന്നിവരുടെ 4/2014-ലെ പെൻഷനിൽ നിന്നും തുക ഈടാക്കി കോട്ടയം നഗരസഭാ ഫണ്ടിലേക്ക് അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ബന്ധപ്പെട്ട ട്രഷറി ഓഫീസർമാർക്കും കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി സബീനാ പോളിന്റെ 4/2014-ലെ ശമ്പളത്തിൽ നിന്നും 854 രൂപ കുറവുചെയ്ത് കോട്ടയം നഗരസഭാ ഫണ്ടിലേക്ക് ഒടുക്കണമെന്ന് കൊല്ലം ജില്ലാ ട്രഷറി ഓഫീസർക്കും ഈ ഓഫീസിലെ 4-4-2014-ലെ കത്ത് മുഖേന നിർദ്ദേശം നൽകിയിരുന്നു. എന്നാൽ തുക ഒടുക്കുവരുത്തിയിട്ടില്ലാത്തതിനാൽ 7-7-2014-ന് ഓർമ്മക്കുറിപ്പ് അയച്ചിട്ടുണ്ട്.

<u>അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

1.2.5 കീടനാശിനിക്ക് ഉയർന്ന വില നൽകിയത് ഈടാക്കാൻ നടപടി സ്വീകരിക്കാതിരുന്നവരിൽ നിന്നും തുക ഈടാക്കണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, ശ്രീമതി ആനി സ്റ്റീഫൻ, ശ്രീ. കെ. സി. ജോസഫ്, ശ്രീ. ബി. ദിലീപ് കുമാർ എന്നിവർ 854 രൂപ വീതം അടവാക്കിയിട്ടുണ്ട്. നഗരസഭയ്ക്ക് നഷ്ടം വന്ന 5,124 രൂപയിൽ 2,562 രൂപ മാത്രമേ ഈടാക്കിയിട്ടുള്ളൂ. ബാക്കി തുക, ശ്രീമതി സബീനാ പോൾ, ശ്രീ. എസ്. സുദർശനൻ, ശ്രീ. വിജയകുമാർ എന്നിവരിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ തുക അടവാക്കിയിട്ടില്ല. തുക ഈടാക്കുന്നതിന് നിലവിലുള്ള സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതിന് ശിപാർശ ചെയ്യാവുന്നതാണ്.

<u>തുടർ ശിപാർശ</u>

1.2.6 **നഗരസഭയിൽ അടവാക്കേണ്ട ബാക്കി തുക കൂടി മേല്പറഞ്ഞ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്ന് അടിയന്തരമായി ഈടാക്കി റിപ്പോർട്ട് നല്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഖണ്ഡിക നമ്പർ 50</u>

<u>ശിപാർശ</u>

1.3.1 മെതിയന്ത്രം റിപ്പയർ ചെയ്താൽ ധാരാളം ആവശ്യക്കാർ ഉണ്ടാകുമെന്ന് അഗ്രിക്കൾച്ചറൽ ഓഫീസർ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ റെയ്ഡ്കോയുമായി ബന്ധപ്പെട്ട് യന്ത്രം റിപ്പയർ ചെയ്യാനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി റിപ്പയർ ചെയ്ത് കൃഷി ഓഫീസറുടെ കസ്റ്റഡിയിൽ സൂക്ഷിക്കണം. പ്രസ്തുത മെതിയന്ത്രത്തിൽ നിന്നുള്ള വരുമാനം ഭാവിയിലെ അറ്റകുറ്റപ്പണിക്കുവേണ്ടി ഉപയോഗിക്കാനും മെതിയന്ത്രം സൂക്ഷിക്കാനുള്ള സ്ഥലം കണ്ടെത്താനും നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

1.3.2 പഴയ മോഡലിലുള്ള യന്ത്രം നന്നാക്കിയാലും ധാരാളം പുതിയ മോഡലുകൾ ഉള്ളതിനാൽ വാടകയ്ക്ക് പോകില്ലെന്ന അഗ്രിക്കൾച്ചറൽ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആയത് ലേലം ചെയ്യുന്നതിനുള്ള ശിപാർശ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നു.

<u>ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട്</u>

1.3.3 സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. നിയമസഭാ സമിതിയുടെ നിർദ്ദേശം പാലിച്ചിട്ടില്ല.

<u>സമിതി ആരാഞ്ഞ അധികവിവരം</u>

1.3.4 മെതിയന്ത്രം ലേലം ചെയ്യുന്നതിനുള്ള അഗ്രിക്കൾച്ചറൽ ഡെപ്യൂട്ടി ഓഫീസറുടെ ശിപാർശയുടെയും ആയതിന്മേലുള്ള വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനത്തിന്റെയും വിശദവിവരങ്ങൾ സമിതിക്ക് ലഭ്യമാക്കണം.

<u>തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച അധികവിവരം</u>

1.3.5 18-4-2007-ലെ 34-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം 9-3-2007-ൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശിപാർശ അടിസ്ഥാനത്തിൽ മെതിയന്ത്രം ലേലം ചെയ്യുന്നതിന് തീരുമാനിക്കുകയും അപ്രകാരം ചെയ്യുന്നതിന് മുനിസിപ്പൽ എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. ടി മെതിയന്ത്രത്തിന് അസിസ്റ്റന്റ് എഞ്ചിനീയറുടെയും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും 27-4-2007-ലെ വാല്യുവേഷൻ റിപ്പോർട്ട് പ്രകാരം 30,000 രൂപ മതിപ്പുവില കണക്കാക്കി ലേലം ചെയ്യുന്നതിന് തീരുമാനിക്കുകയും ആയതിൻപ്രകാരം 10-12-2007, 21-12-2008, 28-12-2008 തീയതികളിൽ ലേലവും പിന്നീട് പുനർലേലം നടത്തിയെങ്കിലും ആരും ലേലം കൊള്ളാൻ തയ്യാറാകാത്തതിനെ തുടർന്ന് 20,000 രൂപ മതിപ്പു വിലയ്ക്കെങ്കിലും മെതിയന്ത്രം ലേലം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചെങ്കിലും ലേലം നടന്നിട്ടില്ലായെന്നുള്ള വിവരം റിപ്പോർട്ട് ചെയ്യുന്നു.

<u>അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

1.3.6 ഉപയോഗശൂന്യമായ മെതിയന്ത്രം നന്നാക്കുന്നതിന് ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി ശിപാർശ ചെയ്തിരുന്നെങ്കിലും നന്നാക്കി ഉപയോഗിക്കുന്നത് പ്രയോജനപ്രദമല്ലെന്നും ലേലം ചെയ്യുന്നതാണ് ഉചിതമെന്നും അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലേലം ചെയ്യാൻ ശ്രമിച്ചെങ്കിലും നടന്നിട്ടില്ല. ഈ സാഹചര്യത്തിൽ വാല്യുവേഷൻ പുനർനിർണ്ണയിച്ച് ലേലനടപടികൾ സ്വീകരിക്കുന്നതിന് നഗരസഭയ്ക്ക് നിർദ്ദേശം നൽകുന്നതിന് ശിപാർശ ചെയ്യാവുന്നതാണ്.

<u>തുടർ ശിപാർശ</u>

1.3.7 **മെതിയന്ത്രത്തിന്റെ മൂല്യം പുനർനിർണ്ണയിച്ച് ലേലം ചെയ്ത് വിശദാംശങ്ങൾ സംബന്ധിച്ച റിപ്പോർട്ട് നല്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഖണ്ഡിക നമ്പർ 54</u>

<u>ശിപാർശ</u>

1.4.1 സാധനങ്ങൾ ഉപയോഗശൂന്യമായി പോകാതിരിക്കാനും വീണ്ടും നഷ്ടം ഉണ്ടാകാതിരിക്കാനുമായി ഇത് എസ്. എച്ച്. ഗ്രൂപ്പിനെ ഏൽപ്പിച്ച് പ്രവർത്തനം തുടർന്നു പോകാനുള്ള നടപടി സ്വീകരിക്കണമെന്നും ഇതിനായി കൗൺസിൽ തീരുമാനപ്രകാരം സ്വീകരിച്ച നടപടി സംബന്ധിച്ച് സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

1.4.2 പാത്രങ്ങളും മറ്റ് സാധനങ്ങളും ധനശ്രീ, ദേവിശ്രീ എന്നീ എസ്. എച്ച്. ഗ്രൂപ്പുകൾക്ക് കൈമാറിയിട്ടുള്ളതും അവർ ടി ഉപകരണങ്ങൾ ഉപയോഗിച്ച് 'സ്ത്രീ ശക്തി' എന്ന ഭക്ഷണശാല നടത്തിവരുന്നതുമായി മറുപടി നൽകിയിരിക്കുന്നു.

<u>ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട്</u>

1.4.3 പാത്രങ്ങൾ, ഉപകരണങ്ങൾ എന്നിവയുടെ കൈമാറ്റം സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

<u>സമിതി ആരാഞ്ഞ അധികവിവരം</u>

1.4.4 വനിതാ കാറ്ററിംഗ് യൂണിറ്റിലെ ഉപകരണങ്ങളുടെ കൈമാറ്റം സംബന്ധിച്ച രേഖകൾ ഹാജരാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

<u>തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച മറുപടി</u>

1.4.5 വനിതാ കാറ്ററിംഗ് യൂണിറ്റിനായി വാങ്ങിയ സാധനസാമഗ്രികൾ സ്ത്രീ ശക്തി വനിതാ കാറ്ററിംഗ് യൂണിറ്റിൽ നിന്നും ഏറ്റെടുത്ത് 16-ൽ ചിറ ആർട്ടിസ്റ്റ് കേശവൻ സ്മാരകം പടിഞ്ഞാറൻ മേഖലാ മുനിസിപ്പൽ സാംസ്കാരിക കേന്ദ്രത്തിൽ സൂക്ഷിച്ചിട്ടുള്ളതും ടി മുറിയുടെ താക്കോൽ വ്യവസായ വികസന ഓഫീസർ പക്കൽ സൂക്ഷിച്ചിട്ടുള്ളതുമാണെന്ന് വ്യവസായ വികസന ഓഫീസർ അറിയിച്ചിട്ടുള്ളതുമാണ്.

<u>ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

1.4.6 വനിതാ കാറ്ററിംഗ് യൂണിറ്റിനായി വാങ്ങിയ സാധനസാമഗ്രികൾ നഗരസഭാ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ സീൽ ചെയ്ത മുറിയിൽ സൂക്ഷിച്ചിട്ടുണ്ട്. ഏകദേശം 300 സ്ക്വയർ ഫീറ്റ് വരുന്ന ഈ മുറി സാധനസാമഗ്രികൾ നിറഞ്ഞതിനാൽ ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയിലാണ്. സാധനങ്ങൾ ലേലം ചെയ്ത് മുതൽക്കൂട്ടുന്നതിനും മുറി ഒഴിവാക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതിന് ശിപാർശ ചെയ്യാവുന്നതാണ്.

<u>തുടർ ശിപാർശ</u>

1.4.7 **വനിതാ കാറ്ററിംഗ് യൂണിറ്റിനായി വാങ്ങിയ സാധനസാമഗ്രികൾ ലേലം ചെയ്ത് മുതൽക്കൂട്ടുന്നതിനും മുറി ഉപയോഗപ്രദമാക്കുന്നതിനും നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഖണ്ഡിക നമ്പർ 55</u>

<u>ശിപാർശ</u>

1.5.1 പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണത്തിനു വേണ്ടിയുള്ള നടപടികൾ നഗരകാര്യ ഡയറക്ടർ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

1.5.2 കോട്ടയം നഗരസഭയിലെ സ്ത്രീ ശക്തി വനിതാ കാറ്ററിംഗ് യൂണിറ്റിൽ പാത്രങ്ങൾ വാങ്ങിയതിലെ അപാകതകൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുന്നതിന് ഈ ഓഫീസിലെ 19-4-2013-ലെ എഫ്2/4782/06-ാം നമ്പർ കത്ത് പ്രകാരം വിജിലൻസ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുള്ളതാണ്.

<u>ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ അഭിപ്രായക്കുറിപ്പ്</u>

1.5.3. വിജിലൻസ് കേസുമായി ബന്ധപ്പെട്ട രേഖകളൊന്നും പരിശോധനയിൽ ലഭ്യമാക്കിയിട്ടില്ല.

<u>തുടർ ശിപാർശ</u>

1.5.4 **വിജിലൻസ് കേസ് അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി അന്വേഷണ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ രേഖകൾ സഹിതം സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഖണ്ഡിക നമ്പർ 62</u>

<u>ശിപാർശ</u>

1.6.1 ഓഡിറ്റ് പരാമർശങ്ങൾ സംബന്ധിച്ച ഫയലുകൾ നഗരകാര്യ ഡയറക്ടർ പരിശോധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

1.6.2 നിയമസഭാ സമിതിയുടെ 23-8-2004-ലെ മീറ്റിംഗിലെ തീരുമാനപ്രകാരം ടി ഓഡിറ്റ് ഖണ്ഡികയ്ക്ക് അനുബന്ധമായ ഫയലുകൾ പരിശോധനയ്ക്കായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് നൽകണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ഫയലുകൾ ചങ്ങനാശ്ശേരി നഗരസഭാ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് 1-11-2004-ൽ കൈമാറിയിട്ടുണ്ടെന്നും നിയമസഭാ സമിതി ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 19-ാമത് റിപ്പോർട്ടുമായി ബന്ധപ്പെട്ട ഫയലുകൾ നഗരകാര്യ ഡയറക്ടർക്ക് അടിയന്തരമായി സമർപ്പിക്കുന്നതാണെന്നും നഗരസഭാ സെക്രട്ടറി അറിയിച്ചു.

<u>ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ റിപ്പോർട്ട്</u>

1.6.3 സമിതി നിർദ്ദേശം പാലിച്ചിട്ടില്ല. 24-1-2005-ൽ ഫയൽ തിരികെ നഗരസഭയ്ക്ക് നല്കിയിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ നഗരകാര്യ ഡയറക്ടർക്ക് നല്കി പരിശോധനാ റിപ്പോർട്ട് വാങ്ങി നിയമസഭാ സമിതി മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

## നഗരകാര്യ ഡയറക്ടറുടെ മറുപടി

1.6.4 ചങ്ങനാശ്ശേരി നഗരസഭയിൽ "ധനസഹായം/വായ്പാ വിനിയോഗം ലക്ഷ്യം കൈവരിച്ചിട്ടില്ല" എന്ന ശീർഷകത്തിൽ നടത്തിയിട്ടുള്ള ഖണ്ഡിക 62 ശിപാർശകളിൽ ആവശ്യപ്പെട്ടിരിക്കുന്ന റിപ്പോർട്ട് സമർപ്പിച്ചുകൊള്ളുന്നു.

1.6.5 ഷെൽട്ടർ അപ്ഗ്രഡേഷൻ ആന്റ് ഹോം ജനറേഷൻ പദ്ധതിയിൽ കെ. യു. ആർ. ഡി. എഫ്. സി.-യിൽ നിന്നും രണ്ട് തവണയായി എടുത്തിട്ടുള്ള ലോൺ തുക 60.30 ലക്ഷം രൂപയും 38.16 ലക്ഷം രൂപയും ലോൺ നൽകുന്നതിനായി വിനിയോഗിച്ചിട്ടുണ്ട്. 2010 പേർക്കാണ് ലോൺ ഉദ്ദേശിച്ചതെങ്കിലും 1470 പേർക്കു മാത്രമേ ലോൺ നൽകിയിട്ടുള്ളൂ. ആവശ്യമായ പ്രചരണവും മറ്റും നൽകിയതായാണ് കാണുന്നത് എങ്കിലും 1470 പേർക്ക് ലോൺ നൽകുന്നതിനുള്ള അപേക്ഷകൾ മാത്രമെ ലഭിച്ചുള്ളൂ. ബാക്കി വന്ന ലോൺ തുക തിരിച്ചടച്ചിട്ടുണ്ട്.

1.6.6 ഹഡ്കോയിൽ നിന്നും ലഭിച്ച 30.15 ലക്ഷം രൂപ പൂർണ്ണമായി വിനിയോഗിച്ചിട്ടുള്ളതായി കാണുന്നു. ഈ തുക ഗുണഭോക്താക്കളുടെ പേരിൽ പദ്ധതിയിൽ നിഷ്കർഷിക്കുന്ന പ്രകാരം ഇന്ദിരാവികാസ് പത്രിക എടുത്ത് സൂക്ഷിക്കുന്നതിനാണ് വിനിയോഗിച്ചിട്ടുള്ളത്.

1.6.7 ലോൺ ലഭിച്ച 1470 പേരിൽ 197 പേർ ഇപ്പോൾ ലോൺ തുക പൂർണ്ണമായും തിരിച്ചടച്ചിട്ടുണ്ട്. അവരുടെ പേരിൽ എടുത്തിട്ടുള്ള ഇന്ദിരാവികാസ് പത്രിക തിരികെ നൽകിയിട്ടുണ്ട്.

1.6.8 അവശേഷിക്കുന്ന 1273 പേർ തിരിച്ചടച്ചിട്ടില്ല. എങ്കിലും പകുതിയോളം വരുന്ന തുക ഓരോരുത്തരും തിരിച്ചടച്ചിട്ടുണ്ട്. ബാക്കിയുള്ളവരിൽ നിന്നും തുക ഈടാക്കുന്നതിന് നഗരസഭ നടപടികൾ എടുത്തുവരുന്നതായി കാണുന്നു. ഇതിൽ 1175 പേരുടെ പേരിൽ നോട്ടീസ് അയയ്ക്കുന്നതിനും നടപടികൾ പൂർത്തിയായിവരുന്നു. ബാക്കിയുള്ളവരുടെ മേൽവിലാസത്തിൽ ഇപ്പോൾ വ്യക്തികളെ കണ്ടെത്താൻ തടസ്സമാകുന്നത് ഒരു കാരണമാകുന്നു. ഇക്കാര്യത്തിലാണ് നഗരസഭ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടത്.

1.6.9 ലോൺ തുക കൃത്യമായി തിരിച്ചടയ്ക്കാൻ കഴിയാഞ്ഞാൽ കെ. യു. ആർ. ഡി. എഫ്. സി.-ക്ക് അടയ്ക്കേണ്ട ലോൺ തുക നഗരസഭയുടെ ബാദ്ധ്യതയായി മാറാൻ സാദ്ധ്യതയുണ്ട്. ഈ സാഹചര്യത്തിൽ മേൽവിലാസം പൂർണ്ണമല്ലാത്ത വ്യക്തികളുടെ മേൽവിലാസം കണ്ടെത്തി അതിന് ഫീൽഡ് ഓഫീസർമാരുടെ സേവനം നഗരസഭ ഉടനടി കണ്ടെത്തേണ്ടതുണ്ട്.

1.6.10 നഗരസഭയുടെ ഫയലുകൾ പരിശോധിച്ചതിൽ (ഫയൽ നമ്പർ ഇ 3-607/92) നഗരസഭാധികൃതർ ഇക്കാര്യത്തിൽ അലംഭാവം കാണിക്കുന്നതായി കാണുന്നില്ല.

1.6.11 ഖണ്ഡിക 62-ൽ തന്നെ നിയമസഭാ സമിതി ചൂണ്ടിക്കാണിച്ചിരിക്കുന്ന മറ്റൊരു വിഷയം മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് ലോൺ എടുത്തതും എന്നാൽ നിർമ്മാണം പൂർത്തീകരിക്കാത്തതുമാണ്. ഈ ആവശ്യത്തിനായി എടുത്ത ലോൺ തുകയും പലിശയും തിരിച്ചടച്ചുകഴിഞ്ഞു. എന്നാൽ പദ്ധതി ഇതുവരെ ആരംഭിച്ചിട്ടില്ല. ഇതിനുള്ള പ്ലാനും പുതിയ എസ്റ്റിമേറ്റും ഇപ്പോൾ തയ്യാറാക്കുന്നതേയുള്ളൂ. ലോണെടുക്കുന്ന ഘട്ടത്തിൽ പദ്ധതി ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളും സജ്ജീകരണങ്ങളും മുൻകൂട്ടി കാണാൻ കഴിയാത്തതാണ് ഈ സ്ഥിതിവിശേഷം ഉണ്ടായതിനുള്ള കാരണം. 1988-89 കാലങ്ങളിൽ ആണ് ഇതു സംഭവിച്ചിട്ടുള്ളത്. മേൽനടപടിമൂലം പലിശയിനത്തിൽ നൽകിയ പണം നഗരസഭയുടെ നഷ്ടമായി കണക്കാക്കേണ്ടിവരും.

1.6.12 ചേരി നിർമ്മാർജ്ജന പരിപാടി ഗ്രാന്റുകൾ നിശ്ചിത സമയത്തിനുള്ളിൽ വിനിയോഗിച്ചിട്ടില്ല എന്നതു സംബന്ധിച്ച റിപ്പോർട്ട് ഉടനടി സമർപ്പിക്കുന്നതാണ്.

<u>സമിതി ആരാഞ്ഞ അധികവിവരം</u>

1.6.13 മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് എടുത്ത ലോൺ പലിശയോടുകൂടി തിരിച്ചടച്ചിട്ടുണ്ടെന്നും പദ്ധതി യഥാസമയം പ്ലാൻ ചെയ്യാത്തതുകൊണ്ടാണ് ഇപ്രകാരം സംഭവിച്ചതെന്നും അധികമായി നൽകിയ പലിശ ആരിൽനിന്ന് ഈടാക്കണമെന്നതിനെ സംബന്ധിച്ച് നഗരസഭയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് നടപടി എടുത്ത് ഒരു മാസത്തിനകം സമിതിയെ അറിയിക്കാമെന്നും സെക്രട്ടറി ഉറപ്പുനൽകിയിരുന്നു. ആയതിന്മേലുള്ള അന്തിമ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണം.

<u>ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ മറുപടി</u>

1.6.14 നഗരസഭ ഡയറക്ടർക്ക് ബന്ധപ്പെട്ട ഫയൽ നമ്പർ ഇ 3/607/92 10-1-2007-ന് കൈമാറിയിട്ടുണ്ട്. തുടർ നടപടി അറിയിച്ചിട്ടില്ല എന്ന് നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

<u>സമിതി വീണ്ടും ആരാഞ്ഞ അധികവിവരം</u>

1.6.15 ഓഡിറ്റ് പരാമർശങ്ങൾ സംബന്ധിച്ച ഫയലുകൾ പരിശോധിച്ച് 15 ദിവസത്തിനകം സമിതിക്ക് റിപ്പോർട്ട് നൽകുക.

<u>തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച അധികവിവരങ്ങൾ</u>

1.6.16 നഗരസഭാ ഓഫീസ് കം-ഷോപ്പിംഗ് കോംപ്ലക്സ് പണിയുന്നതിന് കരാർ ഏറ്റെടുത്തിരുന്ന ശ്രീ. വി. സി. മാത്യു ഇതിന്റെ നിർമ്മാണം സംബന്ധിച്ച് നഗരസഭയ്ക്ക് എതിരായി കേസ് ഫയൽ ചെയ്യുകയും പ്രസ്തുത കേസിലെ വിധി നഗരസഭയ്ക്ക് എതിരായി വരികയും ടി കേസിന് അപ്പീൽ പോകേണ്ടതില്ല എന്ന് തീരുമാനിക്കുകയും കെട്ടിടം പണിയാൻ ഉദ്ദേശിച്ചിരുന്ന സ്ഥലം റോഡ് വികസനത്തിനായി KSTP അക്വയർ

പ്രൊപ്പോസൽ വന്നതിനാൽ ഷോപ്പിംഗ് കോംപ്ലക്സ് പണി ആരംഭിക്കുവാൻ കഴിയാതെ വരികയും ചെയ്ത സാഹചര്യത്തിലാണ് ലോൺ തുക പലിശസഹിതം KUDFC-യ്ക്ക് തിരികെ അടച്ച് ബാധ്യതയിൽ നിന്നും ഒഴിവായിട്ടുള്ളത്. ലോൺ തുക പലിശസഹിതം തിരികെ ഒടുക്കിയിട്ടുള്ള നടപടികൾ പൂർണ്ണമായും കൗൺസിൽ അംഗീകരിച്ചു. ആയതിനാൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ (2004-2006) 19-ാം നമ്പർ റിപ്പോർട്ടിലെ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് നിയമസഭാ സമിതി മുമ്പാകെ സവിനയം അപേക്ഷിച്ചുകൊള്ളുന്നു.

<u>അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്</u>

1.6.17 ലോൺ തുക പലിശ സഹിതം തിരികെ ഒടുക്കിയിട്ടുള്ള നടപടികൾ അംഗീകരിച്ചുകൊണ്ടുള്ള കൗൺസിൽ തീരുമാനം ഹാജരാക്കിയിട്ടുണ്ട്. വ്യക്തമായ പദ്ധതി ആസൂത്രണത്തിന്റെ അടിസ്ഥാനത്തിലല്ലാതെ വായ്പ ലഭ്യമാക്കിയതുമൂലം സംഭവിച്ച പലിശ നഷ്ടം ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കാവുന്നതാണെന്ന് അഭിപ്രായപ്പെടുന്നു.

<u>തുടർ ശിപാർശ</u>

1.6.18 **ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ റിപ്പോർട്ടിലെ നിർദ്ദേശപ്രകാരം നഷ്ടത്തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഖണ്ഡിക നമ്പർ 66</u>

<u>ശിപാർശ</u>

1.7.1 കരാറുകാരനെ രക്ഷിക്കാനുള്ള ബോധപൂർവ്വമായ ശ്രമം നടന്നിട്ടുള്ളതിനാൽ ഇതുമായി ബന്ധപ്പെട്ട ഫയൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

1.7.2 ടി വിഷയവുമായി ബന്ധപ്പെട്ട ഫയൽ 23-8-2004-ൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം കമ്മിറ്റിക്ക് കൈമാറി കൈപ്പറ്റ് രസീത് വാങ്ങിയിട്ടുണ്ട്.

<u>ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ മറുപടി</u>

1.7.3. ഫയൽ 23-8-2004-ന് നിയമസഭാ സമിതിക്ക് കൈമാറിയതായി നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഈ ഓഫീസിൽ നിന്നും പുനഃപരിശോധന നടത്തിയിട്ടില്ല.

തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി

1.7.4 ഈ വിഷയവുമായി ബന്ധപ്പെട്ട നഗരസഭാ ഫയൽ ഇ 1-2992 സമിതി മുമ്പാകെ 17-6-2008-ൽ ഹാജരാക്കുന്നതാണെന്ന് നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

സമിതി ആരാഞ്ഞ അധികവിവരം

1.7.5 ശിപാർശയുമായി ബന്ധപ്പെട്ട ഫയൽ ഹാജരാക്കുന്നതിന് ചങ്ങനാശ്ശേരി നഗരസഭാ സെക്രട്ടറിയോട് ആവശ്യപ്പെട്ടുക

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ അധികവിവരം

1.7.6 "കരാറുകാരനെ രക്ഷിക്കുവാനുള്ള ബോധപൂർവ്വമായ ശ്രമം നടന്നിട്ടുള്ളതിനാൽ ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു."

സമാഹൃത ഓഡിറ്റ് റിപ്പോർട്ട്-1998 ഖണ്ഡിക 112(1)3 കരാറുകാർ കാണിക്കുന്ന അലംഭാവവും അവർക്കു നൽകുന്ന അനർഹമായ ആനുകൂല്യങ്ങളും

| | | |
|---|---|---|
| പരിശോധിച്ച ഫയൽ | .. | ഫയൽ നമ്പർ ഇ 1-2992/92 ചങ്ങനാശ്ശേരി നഗരസഭ |
| വിഷയം | .. | 5-ാം വാർഡിൽ കാക്കാംതോട്-വാലുംമേച്ചിറ റോഡിന്റെ പുനരുദ്ധാരണ വേല |
| അടങ്കൽ | .. | 61,600 രൂപ |
| ഭരണാനുമതി ലഭിച്ച തീയതി | .. | 22-1-1993 |
| സാങ്കേതികാനുമതി ലഭിച്ച തീയതി | .. | 10-12-1992 |
| ടെൻഡർ അംഗീകരിച്ച തീയതി | .. | 16-2-1994<br>(സി.ആർ. നമ്പർ XXVI(1)/16-2-1994) |
| കരാറുകാരൻ | .. | ശ്രീ. പി. എ. സെയ്ദ് മുഹമ്മദ് |
| കരാർ നിരക്ക് | .. | 15% അധികം |
| എം. ബുക്ക് നമ്പർ | .. | 33/92-93<br>24/96 (ഹാജരാക്കിയിട്ടില്ല) |

| | | |
|---|---|---|
| ഉടമ്പടി വെച്ച തീയതി | .. | 25-4-1994 (നമ്പർ 2/94-95) |
| ഉടമ്പടി പ്രകാരം പണി പൂർത്തിയാക്കേണ്ട തീയതി | .. | 11-5-1994 |
| പണി തുടങ്ങിയ തീയതി | .. | 16-11-1994 |
| ഒന്നാമത്തെ പാർട്ട് ബിൽ | .. | വൗച്ചർ നമ്പർ 60-1/95<br>22,672 രൂപ<br>ചെക്ക് നമ്പർ 160423/7-1-1995 |
| പണി പൂർത്തിയാക്കാത്ത തിനാൽ നോട്ടീസ് നൽകിയ തീയതി | .. | 18-4-1995; 26-4-1995-ന് കൈപ്പറ്റി |
| പണിയുടെ പുരോഗതി നഗരസഭ എഞ്ചിനീയർ റിപ്പോർട്ട് ചെയ്ത തീയതി | .. | 9-5-1995 |
| രണ്ടാമത്തെ പാർട്ട് ബിൽ | .. | വൗച്ചർ നമ്പർ 32-7/95<br>36,821 രൂപ<br>ചെക്ക് നമ്പർ 164373/6-7-1995 |

രണ്ടാമത്തെ പാർട്ട് ബില്ലിനുശേഷം കരാറുകാരൻ പണി ഉപേക്ഷിച്ചു

| | | |
|---|---|---|
| മൂന്നാമത്തെ പാർട്ട് ബിൽ/ഫൈനൽ ബിൽ (6-6-1995-ൽ പണി പൂർത്തിയാക്കിയെന്ന് തെറ്റായി കാണിച്ചിട്ടുണ്ട്) | .. | ചെക്ക് നമ്പർ 174936/24-3-1997<br>7,209 രൂപ |

1.7.7 ടി പണിയുടെ സെലക്ഷൻ നോട്ടീസ് നൽകിയത് 4-3-1994-നാണ്. ടി നോട്ടീസ് 5-3-1994-ന് കരാറുകാരൻ കൈപ്പറ്റിയിട്ടുണ്ട്. ടി നോട്ടീസിൽ 11-3-1994-നോ അതിനുമുൻപോ ഉടമ്പടിവെച്ച് പണി തുടങ്ങാനും 11-4-1994-ന് മുമ്പ് പണി തീർക്കാനും ആവശ്യപ്പെട്ടിരുന്നു.

1.7.8 എന്നാൽ കരാറുകാരൻ ഉടമ്പടിവെച്ചത് 25-4-1994-ലാണ്. ഉടമ്പടി പ്രകാരം പണി പൂർത്തിയാക്കേണ്ടത് 11-5-1994-ലാണ്. എന്നാൽ പണി തുടങ്ങിയത് 16-11-1994-ൽ മാത്രമാണ്. ഫയൽ പരിശോധിച്ചതിൽ പണി പൂർത്തിയാക്കേണ്ട കാലാവധി ദീർഘിപ്പിച്ചു നൽകിയതായോ ഉടമ്പടി പ്രകാരം 11-5-1994-നകം പണി പൂർത്തിയാക്കാത്തതിന്

നോട്ടീസ് നൽകിയതായോ കാണുന്നില്ല. 7-1-1995-ന് ഒന്നാമത്തെ പാർട്ട് ബിൽ നൽകി. 22,672 രൂപ പാർട്ട് ബിൽ വാങ്ങിയതിനുശേഷം പണി പൂർത്തിയാക്കാത്തതിനാൽ 18-4-1995-ൽ നോട്ടീസ് നൽകിയെങ്കിലും ടി നോട്ടീസിന് കരാറുകാരൻ മറുപടി നൽകിയതായി കാണുന്നില്ല. 9-5-1995-ൽ മുനിസിപ്പൽ എഞ്ചിനീയർ പണി പുരോഗതിയുണ്ടെന്ന് റിപ്പോർട്ട് ചെയ്യുകയും 6-7-1995-ന് രണ്ടാമത്തെ പാർട്ട് ബിൽ (36,821 രൂപ) നൽകുകയും ചെയ്തു.

1.7.9 രണ്ടാമത്തെ പാർട്ട് ബില്ലിനുശേഷം കരാറുകാരൻ എസ്റ്റിമേറ്റ് പ്രകാരമുള്ള ബാക്കി ജോലികൾ (ഇനം 4, 5, 6, 8, 11 ..........) പൂർത്തീകരിക്കാതെ പണി ഉപേക്ഷിച്ചു. റോഡിന്റെ ശോച്യാവസ്ഥ പരിഹരിക്കണമെന്നാവശ്യപ്പെട്ട് നാട്ടുകാർ 14-3-1995-ന് ചെയർമാന് ഹർജി നൽകി.

1.7.10 6-8-1996-ൽ സെക്രട്ടറിക്ക് കിട്ടിയ കരാറുകാരന്റെ കത്തിൽ വാർഡ് കൗൺസിലറായ ശ്രീ. മറ്റപ്പള്ളി ശിവശങ്കരപിള്ളയുടെ 6-8-1996-ലെ കത്തിൽ ടി കരാറുകാരനെ മേൽവേലയിൽ നിന്നും ഒഴിവാക്കി മറ്റൊരു കരാർ വ്യവസ്ഥയിൽ പണി പൂർത്തീകരിക്കണമെന്ന് സെക്രട്ടറിയോട് ആവശ്യപ്പെട്ടു.

1.7.11 എന്നാൽ മുനിസിപ്പൽ എഞ്ചിനീയർ അദ്ദേഹത്തിന്റെ 12-11-1996-ലെ കുറിപ്പിൽ ഇങ്ങനെ രേഖപ്പെടുത്തി.

1.7.12 "ഈ വേല ഇപ്പോൾ ചെയ്തിടത്തോളംകൊണ്ട് മതിയാകുന്നതാണ് എന്ന് സ്ഥലപരിശോധനയിൽ കണ്ട് മനസ്സിലാക്കി. ആയതിന് വാർഡ് കൗൺസിലർ 6-8-1996-ൽ കത്ത് നൽകിയിട്ടും ഉണ്ട്. ഈ സാഹചര്യത്തിൽ ഫയൽ ക്ളോസ് ചെയ്യുന്നതിന് സാങ്കേതികമായി ശിപാർശ ചെയ്യുന്നു. ബാക്കി സിമെന്റ് തിരികെ എടുക്കുക".

1.7.13 തുടർന്ന് 6-6-1995-ൽ പണി പൂർത്തീകരിച്ചതായി കാണിച്ച് 3/97-ൽ ഫൈനൽ ബിൽ തയ്യാറാക്കുകയും രണ്ട് പാർട്ട് ബില്ലുകളിൽ 'റിട്ടൻഷൻ' ഇനത്തിൽ പിടിച്ചുവെച്ചിരുന്ന 7,029 രൂപ (2,293+3,682+1,054) ചെക്ക് നമ്പർ 174936/24-3-1997 പ്രകാരം നൽകിയിട്ടുമുണ്ട്.

1.7.14 കരാറുകാരൻ ഹാജരാക്കിയിരുന്ന ഇ. എം. ഡി. തുക (3,100 രൂപ) തിരികെ കൊടുക്കാൻ 26-2-1997-ൽ മുനിസിപ്പൽ എഞ്ചിനീയർ ഉത്തരവിട്ടിട്ടുണ്ട്.

<u>സിമെന്റ് നൽകിയത് സംബന്ധിച്ച്</u>

1.7.15 ഉടമ്പടി പ്രകാരം ടി ജോലിക്ക് ഡിപ്പാർട്ട്മെന്റലായി സിമെന്റ് നൽകാം എന്നു പറഞ്ഞിട്ടില്ല. എന്നാൽ 27-9-1994-ൽ 160 ചാക്ക് സിമെന്റ് നൽകി. എസ്റ്റിമേറ്റിലെ ഇനം 2, 3, 4, 5, 6, 8, 11 എന്നീ പണികൾക്കാണ് സിമെന്റ് ആവശ്യമുള്ളത്. ആകെ 5636.10 കിലോ (119 ചാക്ക്) സിമെന്റാണ് ആവശ്യമുള്ളത്. നൽകിയത് 160 ചാക്ക്. ഇതിൽ 90 ചാക്ക് സിമെന്റ് പണികൾക്കായി ഉപയോഗിച്ചു.

1.7.16 25 ചാക്ക് സിമെന്റ് 10-1-1995-ലും 45 ചാക്ക് സിമെന്റ് 16-11-1996-ലും തിരികെ ഏൽപ്പിച്ചുവെന്ന ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടി ഇടപാടു സംബന്ധിച്ച സിമെന്റിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയിട്ടില്ല. 45 ചാക്ക് സിമെന്റ് ഇഷ്യൂ ചെയ്ത് 2 വർഷവും 19 ദിവസവും കഴിഞ്ഞതിനുശേഷമാണ് തിരികെ ഏൽപ്പിച്ചിട്ടുള്ളത്. ടി സിമെന്റിന്റെ ഗുണമേന്മ ആരും സർട്ടിഫൈ ചെയ്തിട്ടില്ല.

1.7.17 കരാറുകാരനായ ശ്രീ. പി. എ. സെയ്ദ് മുഹമ്മദ് കരാറിനു വിരുദ്ധമായി എസ്റ്റിമേറ്റിലെ ഇനം 4, 5, 8, 9, 10 എന്നിവയിലെ പണി ചെയ്തിട്ടില്ലാത്തതും പണി ഉപേക്ഷിച്ചുപോയിട്ടുള്ളതുമാണ്. ഇത്തരം സാഹചര്യങ്ങളിൽ വാർഡ് മെമ്പർ ആവശ്യപ്പെട്ട പ്രകാരം കരാറിലെ വ്യവസ്ഥ പൂർത്തിയാക്കേണ്ടതും ആയിനത്തിൽ മുനിസിപ്പാലിറ്റിക്കുണ്ടാകുന്ന നഷ്ടം ശ്രീ. പി. എ. സെയ്ദ് മുഹമ്മദിൽ നിന്നും ഈടാക്കേണ്ടതുമാണ്. എന്നാൽ അത്തരത്തിൽ പ്രവർത്തിക്കാതെ വാർഡ് മെമ്പറുടെ കത്തിനെ തെറ്റായി വ്യാഖ്യാനിച്ച് ഫയലിൽ കുറിപ്പെഴുതുകയും റിട്ടെൻഷൻ ഇനത്തിൽ പിടിച്ചുവെച്ചിരുന്ന തുക പണി പൂർത്തിയാക്കിയതായി കണക്കാക്കി ഫൈനൽ ബിൽ തയ്യാറാക്കി നൽകുകയും ഇ. എം. ഡി.യും സെക്യൂരിറ്റി ഡെപ്പോസിറ്റും നൽകാൻ ഉത്തരവിട്ടതും മുനിസിപ്പൽ എഞ്ചിനീയറുടെ ഭാഗത്തുനിന്നും കരാറുകാരനായ ശ്രീ. പി. എ, സെയ്ദ് മുഹമ്മദിനെ നിയമവിരുദ്ധമായി സഹായിക്കാനുള്ള ബോധപൂർവ്വമായ നീക്കമായി ഓഡിറ്റ് വിലയിരുത്തുന്നു.

തുടർ ശിപാർശ

1.7.18 **ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ റിപ്പോർട്ടിലെ നിഗമനത്തിന്റെ അടിസ്ഥാനത്തിൽ കരാറുകാരനെ നിയമവിരുദ്ധമായി സഹായിക്കുവാനുള്ള ബോധപൂർവ്വമായ നീക്കം നടത്തിയ ഉദ്യോഗസ്ഥരിൽ നിന്നും നഷ്ടത്തുക ഈടാക്കി റിപ്പോർട്ട് നല്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 71

ശിപാർശ

1.8.1 സർച്ചാർജ് നടപടികൾ അടിയന്തരമായി പൂർത്തിയാക്കി നഷ്ടം വസൂലാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

1.8.2 ടി വർക്കിന്റെ നടത്തിപ്പിലെ ക്രമക്കേടുകളുടെ പേരിൽ ടി കാലയളവിലെ മുനിസിപ്പൽ എഞ്ചിനീയർ ശ്രീ. എബ്രഹാം ജോസഫിന് ലോക്കൽ ഫണ്ട് ഓഡിറ്റ്

ഡയറക്ടർ സർച്ചാർജ് നോട്ടീസ് നൽകിയിരുന്നു. ടിയാൻ ടി നോട്ടീസ് കാലയളവിൽ കൊച്ചി നഗരസഭയിൽ ജോലി നോക്കിയിരുന്നതിനാൽ നഷ്ടം ഈടാക്കുവാൻ കഴിയാതെവന്നു. ആവശ്യമായ മേൽനടപടി സ്വീകരിക്കുന്നതിന് 24-6-2004-ൽ നഗരകാര്യ ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. ചങ്ങനാശ്ശേരി നഗരസഭയുടെ ഭാഗത്തുനിന്നും ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുവാൻ നിർവ്വാഹമില്ലെന്ന് നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തു.

<u>സമിതി ആരാഞ്ഞ അധികവിവരം</u>

1.8.3 മുനിസിപ്പൽ എഞ്ചിനീയർ ശ്രീ. എബ്രഹാം ജോസഫിന്റെ ലയബിലിറ്റി മുഴുവൻ അദ്ദേഹത്തിന്റെ ഡി. സി. ആർ. ജി.യിൽനിന്ന് ഈടാക്കാവുന്നതാണെന്ന് ചങ്ങനാശ്ശേരി മുനിസിപ്പൽ എഞ്ചിനീയർ സമിതിയെ അറിയിച്ചിരുന്നു. ആയത് ഈടാക്കിയോ എന്നതു സംബന്ധിച്ചും ഇതിൽ സ്വീകരിച്ച നടപടി സംബന്ധിച്ചുമുള്ള അന്തിമ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് ശിപാർശ ചെയ്യുന്നു.

<u>ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ മറുപടി</u>

1.8.4 മുൻ നഗരസഭാ എഞ്ചിനീയറുടെ പക്കൽ നിന്നും നഷ്ടത്തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് എറണാകുളം ജില്ലാ കളക്ടർക്ക് 5-10-2007-ന് അറിയിപ്പ് നൽകിയിട്ടുള്ളതായി നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

<u>തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച അധികവിവരം</u>

1.8.5 ശ്രീ. എബ്രഹാം ജോസഫിന്റെ ഡി. സി. ആർ. ജി. തുക രണ്ട് ലക്ഷത്തി എൺപതിനായിരം രൂപയാണ്. മൊത്തം ബാദ്ധ്യത തുക 3,86,232 രൂപയാണ്. ഡി. സി. ആർ. ജി. തുക ടിയാളുടെ ഡി. സി. ആർ. ജി. യിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. ടി തുക ചങ്ങനാശ്ശേരി നഗരസഭയിൽ നിന്നും കേന്ദ്ര പെൻഷൻ ഫണ്ടിൽ അടയ്ക്കേണ്ട പെൻഷൻ വിഹിതത്തിൽ തട്ടിക്കഴിച്ചതു പ്രകാരം നഗരസഭയിൽ വരവായി കണക്കാക്കണം. ബാക്കി ബാദ്ധ്യത തുക 1,06,232 രൂപയ്ക്കുവേണ്ടി നഗരസഭാ സെക്രട്ടറി എറണാകുളം ജില്ലാ കളക്ടർക്ക് 5-10-2007-ൽ റവന്യൂ റിക്കവറിക്ക് അപേക്ഷ നൽകിയിട്ടുണ്ട്.

<u>സമിതി വീണ്ടും ആരാഞ്ഞ അധികവിവരം</u>

1.8.6 റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി, തുക ഈടാക്കി വിശദവിവരം സമിതിയെ അറിയിക്കുക.

<u>തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച അധികവിവരം</u>

1.8.7 ശ്രീ. എബ്രഹാം ജോസഫിന്റെ റിക്കവറി സംബന്ധിച്ച് എറണാകുളം കളക്ടറേറ്റിൽ നിന്നും 6-2-2013-ലെ സി11-56246/07-ാം നമ്പർ കത്ത് ലഭിച്ചിട്ടുണ്ട്. ടി കത്തു പ്രകാരം ശ്രീ. എബ്രഹാം ജോസഫിന്റെ പേരിലെ രാമേശ്വരം വില്ലേജ്

സർവ്വേ 531/1-ൽപ്പെട്ട സ്ഥലം ജപ്തി ചെയ്തതായും പ്രസ്തുത സ്ഥലത്തിന്റെ സ്കെച്ച് മഹസ്സർ തയ്യാറാക്കി ലേലനടപടികൾ സ്വീകരിച്ചുവരുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. ടി നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ അറിയിക്കുന്നതിന് എറണാകുളം ജില്ലാ കളക്ടർക്ക് 18-4-2013-ന് കത്തയച്ചിട്ടുണ്ട്. കൂടാതെ ഫോൺ മുഖാന്തിരം ടി വിവരം അറിയിക്കുന്നതിനും ആവശ്യപ്പെട്ടിട്ടുണ്ട്. ലഭ്യമായാൽ ഉടൻതന്നെ അക്കൗണ്ട്സ് കമ്മിറ്റിയിൽ ഹാജരാക്കുന്നതാണ്.

അധികവിവരത്തിൻമേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാക്കുറിപ്പ്

1.8.8 ലേലനടപടികളുടെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച വിവരങ്ങളൊന്നും ലഭ്യമായിട്ടില്ല.

തുടർ ശിപാർശ

**1.8.9 റവന്യൂ റിക്കവറി നടപടി പൂർത്തിയാക്കി ബാദ്ധ്യതാ തുക ഈടാക്കിയതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 75

ശിപാർശ

1.9.1 ക്രമക്കേടുകൾ ഉള്ളതുകൊണ്ടാണ് പണം ഈടാക്കാൻ സർച്ചാർജ് നോട്ടീസ് നൽകുന്നതെന്നും ആയതിനാൽ പണം അയാളുടെ ശമ്പളത്തിൽനിന്ന് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം 16, 17, 18 നമ്പർ ഖണ്ഡികകളെ സംബന്ധിക്കുന്ന ഫയലുകളിൽ സ്വീകരിച്ചിട്ടുള്ള വകുപ്പുതല നടപടികളെ സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

1.9.2 ടി വേലയുടെ നടത്തിപ്പിലെ ക്രമക്കേടുകളുടെ പേരിൽ ടി കാലയളവിലെ മുനിസിപ്പൽ എഞ്ചിനീയറായ ശ്രീ. എബ്രഹാം ജോസഫിന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സർച്ചാർജ് സർട്ടിഫിക്കറ്റ് നൽകുകയുണ്ടായി. ടിയാൻ കൊച്ചി നഗരസഭയിൽ ജോലിയിലായിരിക്കുകയും നഷ്ടം ടിയാനിൽനിന്ന് ഈടാക്കാൻ കഴിയാതെ വന്നതിനാൽ ആവശ്യമായ നടപടി സ്വീകരിക്കുവാൻ നഗരകാര്യ ഡയറക്ടറോടും 24-5-2004-ലെ കത്ത് മുഖേന അഭ്യർത്ഥിക്കുകയും ചെയ്തു. ചങ്ങനാശ്ശേരി നഗരസഭയുടെ ഭാഗത്തുനിന്ന് നടപടി സ്വീകരിക്കുവാൻ നിർവ്വാഹമില്ലെന്നും നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തു.

## സമിതി ആരാഞ്ഞ അധികവിവരം

1.9.3 മുനിസിപ്പൽ എഞ്ചിനീയർ ശ്രീ. എബ്രഹാം ജോസഫിന്റെ ലയബിലിറ്റി മുഴുവൻ അദ്ദേഹത്തിന്റെ ഡി. സി. ആർ. ജി.-യിൽ നിന്ന് ഈടാക്കാവുന്നതാണെന്ന് ചങ്ങനാശ്ശേരി മുനിസിപ്പൽ എഞ്ചിനീയർ സമിതിയെ അറിയിച്ചിരുന്നു. ആയത് ഈടാക്കിയോ എന്നത് സംബന്ധിച്ചും ഇതിൽ സ്വീകരിച്ച നടപടി സംബന്ധിച്ചുമുള്ള അന്തിമ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണം.

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ മറുപടി

1.9.4 മുൻ നഗരസഭാ എഞ്ചിനീയറുടെ പക്കൽ നിന്നും നഷ്ടത്തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് എറണാകുളം ജില്ലാ കളക്ടർക്ക് 5-10-2007-ന് അറിയിപ്പ് നൽകിയിട്ടുള്ളതായി നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

## തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച അധികവിവരം

1.9.5 ശ്രീ. എബ്രഹാം ജോസഫിന്റെ ഡി. സി. ആർ. ജി. തുക രണ്ട് ലക്ഷത്തി എൺപതിനായിരം രൂപയാണ്. മൊത്തം ബാദ്ധ്യത തുക 3,86,232 രൂപയാണ്. ഡി. സി. ആർ. ജി. തുക ടിയാന്റെ ഡി. സി. ആർ. ജി. യിൽ നിന്നും കുറവുചെയ്തിട്ടുണ്ട്. ടി തുക ചങ്ങനാശ്ശേരി നഗരസഭയിൽ നിന്നും കേന്ദ്ര പെൻഷൻ ഫണ്ടിൽ അടയ്ക്കേണ്ട പെൻഷൻ വിഹിതത്തിൽ തട്ടിക്കിഴിച്ചതു പ്രകാരം നഗരസഭയിൽ വരവായി കണക്കാക്കണം. ബാക്കി ബാദ്ധ്യത തുക 1,06,232 രൂപയ്ക്കുവേണ്ടി നഗരസഭാ സെക്രട്ടറി എറണാകുളം ജില്ലാ കളക്ടർക്ക് 5-10-2007-ൽ റവന്യൂ റിക്കവറിക്ക് അപേക്ഷ നൽകിയിട്ടുണ്ട്.

## സമിതി ആരാഞ്ഞ അധികവിവരം

1.9.6 റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി, തുക ഈടാക്കി വിശദവിവരം സമിതിയെ അറിയിക്കുക.

## തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച അധികവിവരങ്ങൾ

1.9.7 ശ്രീ. എബ്രഹാം ജോസഫിന്റെ റിക്കവറി സംബന്ധിച്ച് എറണാകുളം കളക്ടറേറ്റിൽ നിന്നും 6-2-2013-ലെ സി11-56246/07-ാം നമ്പർ കത്ത് ലഭിച്ചിട്ടുണ്ട്. ടി കത്തു പ്രകാരം ശ്രീ. എബ്രഹാം ജോസഫിന്റെ പേരിലെ രാമേശ്വരം വില്ലേജ് സർവ്വേ 531/1-ൽപ്പെട്ട സ്ഥലം ജപ്തി ചെയ്തതായും പ്രസ്തുത സ്ഥലത്തിന്റെ സ്കെച്ച് മഹസ്സർ തയ്യാറാക്കി ലേലനടപടികൾ സ്വീകരിച്ചുവരുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. ടി നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ അറിയിക്കുന്നതിന് എറണാകുളം ജില്ലാ കളക്ടർക്ക് 18-4-2013-ന് കത്തയച്ചിട്ടുണ്ട്. കൂടാതെ ഫോൺ മുഖാന്തിരം ടി വിവരം അറിയിക്കുന്നതിനും

ആവശ്യപ്പെട്ടിട്ടുണ്ട്. ലഭ്യമായാൽ ഉടൻതന്നെ അക്കൗണ്ട്സ് കമ്മിറ്റിയിൽ ഹാജരാക്കുന്നതാണ്.

<u>അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

1.9.8 ലേലനടപടികളുടെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച വിവരങ്ങളൊന്നും ലഭ്യമായിട്ടില്ല.

<u>തുടർ ശിപാർശ</u>

1.9.9 **റവന്യൂ റിക്കവറി നടപടി പൂർത്തിയാക്കി ബാദ്ധ്യതാ തുക ഈടാക്കിയതു സംബന്ധിച്ച വിശദാംശം സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഖണ്ഡിക നമ്പർ 80</u>

<u>ശിപാർശ</u>

1.10.1 സർച്ചാർജ് നടപടി സ്വീകരിച്ചതിന്റെ വിശദവിവരം അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

1.10.2 സർച്ചാർജ് സർട്ടിഫിക്കറ്റ് നൽകുമ്പോൾ ശ്രീ. എബ്രഹാം ജോസഫ് കൊച്ചി നഗരസഭയിൽ സേവനം അനുഷ്ഠിച്ചിരുന്നതിനാൽ ടിയാന്റെ പേരിൽ ടി നഗരസഭയിൽ നിന്നും നോട്ടീസ് നൽകിയിരുന്നുവെന്നും ടിയാനിൽനിന്ന് നഷ്ടം നേരിട്ട് ഈടാക്കുവാൻ കഴിയാതെ വന്നതിനാൽ ടി നഷ്ടം ഈടാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് കാണിച്ച് 24-6-2004-ൽ നഗരകാര്യ ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ഇക്കാര്യത്തിൽ ചങ്ങനാശ്ശേരി നഗരസഭയുടെ ഭാഗത്തുനിന്ന് നടപടി സ്വീകരിക്കുവാൻ നിർവ്വാഹമില്ലായെന്നും നഗരസഭാ സെക്രട്ടറിയുടെ റിപ്പോർട്ട്.

<u>സമിതി ആരാഞ്ഞ അധികവിവരം</u>

1.10.3 മുനിസിപ്പൽ എഞ്ചിനീയർ ശ്രീ. എബ്രഹാം ജോസഫിന്റെ ലയബിലിറ്റി മുഴുവൻ അദ്ദേഹത്തിന്റെ ഡി. സി. ആർ. ജി.-യിൽനിന്ന് ഈടാക്കാവുന്നതാണെന്ന് ചങ്ങനാശ്ശേരി മുനിസിപ്പൽ എഞ്ചിനീയർ സമിതിയെ അറിയിച്ചിരുന്നു. ആയത് ഈടാക്കിയോ എന്നത് സംബന്ധിച്ചും ഇതിൽ സ്വീകരിച്ച നടപടി സംബന്ധിച്ചുമുള്ള അന്തിമ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ മറുപടി</u>

1.10.4 മുൻ നഗരസഭാ എഞ്ചിനീയറുടെ പക്കൽ നിന്നും നഷ്ടത്തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് എറണാകുളം ജില്ലാ കളക്ടർക്ക് 5-10-2007-ന് അറിയിപ്പ് നൽകിയിട്ടുള്ളതായി നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

<u>തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്ന് ലഭിച്ച അധികവിവരങ്ങൾ</u>

1.10.5 ശ്രീ. എബ്രഹാം ജോസഫിന്റെ ഡി.സി.ആർ.ജി. തുക രണ്ട് ലക്ഷത്തി എൺപതിനായിരം രൂപയാണ്. മൊത്തം ബാദ്ധ്യത തുക 3,86,232 രൂപയാണ്. ഡി. സി. ആർ. ജി. തുക ടിയാളുടെ ഡി. സി. ആർ. ജി.-യിൽ നിന്നും കുറവുചെയ്തിട്ടുണ്ട്. ടി തുക ചങ്ങനാശ്ശേരി നഗരസഭയിൽ നിന്നും കേന്ദ്ര പെൻഷൻ ഫണ്ടിൽ അടയ്ക്കേണ്ട പെൻഷൻ വിഹിതത്തിൽ തട്ടിക്കിഴിച്ചത് പ്രകാരം നഗരസഭയിൽ വരവായി കണക്കാക്കണം. ബാക്കി ബാദ്ധ്യത തുക 1,06,232 രൂപയ്ക്കുവേണ്ടി നഗരസഭാ സെക്രട്ടറി എറണാകുളം ജില്ലാ കളക്ടർക്ക് 5-10-2007-ൽ റവന്യൂ റിക്കവറിക്ക് അപേക്ഷ നൽകിയിട്ടുണ്ട്.

<u>സമിതി വീണ്ടും ആരാഞ്ഞ അധികവിവരം</u>

1.10.6 റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി, തുക ഈടാക്കി വിശദവിവരം സമിതിയെ അറിയിക്കുക.

<u>തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച അധികവിവരങ്ങൾ</u>

1.10.7 ശ്രീ. എബ്രഹാം ജോസഫിന്റെ റിക്കവറി സംബന്ധിച്ച് എറണാകുളം കളക്ടറേറ്റിൽ നിന്നും 6-2-2013-ലെ സി11-56246/07-ാം നമ്പർ കത്ത് ലഭിച്ചിട്ടുണ്ട്. ടി കത്ത് പ്രകാരം ശ്രീ. എബ്രഹാം ജോസഫിന്റെ പേരിലെ രാമേശ്വരം വില്ലേജ് സർവ്വേ 531/1-ൽപ്പെട്ട സ്ഥലം ജപ്തി ചെയ്തതായും പ്രസ്തുത സ്ഥലത്തിന്റെ സ്കെച്ച് മഹസ്സർ തയ്യാറാക്കി ലേലനടപടികൾ സ്വീകരിച്ചുവരുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. ടി നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ അറിയിക്കുന്നതിന് എറണാകുളം ജില്ലാ കളക്ടർക്ക് 18-4-2013-ന് കത്തയച്ചിട്ടുണ്ട്. കൂടാതെ ഫോൺ മുഖാന്തിരം ടി വിവരം അറിയിക്കുന്നതിനും ആവശ്യപ്പെട്ടിട്ടുണ്ട്. ലഭ്യമായാൽ ഉടൻതന്നെ അക്കൗണ്ട്സ് കമ്മിറ്റിയിൽ ഹാജരാക്കുന്നതാണ്.

<u>അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്</u>

1.10.8 ലേലനടപടികളുടെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച വിവരങ്ങളൊന്നും ലഭ്യമായിട്ടില്ല.

<u>തുടർ ശിപാർശ</u>

1.10.9 **റവന്യൂ റിക്കവറി നടപടിയിലൂടെ അവശേഷിച്ച തുക ഈടാക്കിയത് സംബന്ധിച്ച വിശദാംശങ്ങൾ സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഖണ്ഡിക നമ്പർ 98</u>

<u>ശിപാർശ</u>

1.11.1 കുടിവെള്ള പദ്ധതിക്കായി നിർമ്മിക്കുകയും മഴവെള്ള പദ്ധതിയായി പരിണമിക്കുകയും ചെയ്ത പദ്ധതി പൂർത്തീകരിച്ച് ലക്ഷ്യപ്രാപ്തിയിലെത്തിയോ എന്ന് നഗരകാര്യ ഡയറക്ടർ സമിതിയെ അറിയിക്കുന്നതിന് ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

1.11.2 ചില സാങ്കേതിക കാരണങ്ങളാൽ ടി പ്രവർത്തനം നടന്നിട്ടില്ലായെന്ന് നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്യുന്നു.

## നഗരകാര്യ ഡയറക്ടറുടെ മറുപടി

1.11.3 കുടിവെള്ളം എത്തിക്കുന്നതിനായി നിർമ്മിച്ച ടാങ്ക് മഴവെള്ള സംഭരണിയായി മാറ്റുന്നതിന് അസൗകര്യം ഉള്ളതിനാൽ കേരള വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് വാട്ടർ കണക്ഷൻ എടുത്ത് ജനങ്ങൾക്ക് പ്രയോജനപ്രദമാകുംവിധം കുടിവെള്ളം നൽകുന്നത് സംബന്ധിച്ചുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ആയതിനാൽ വാട്ടർ ടാങ്ക് ആയി നിലനിർത്തുന്നതിനായിട്ടാണ് ഇപ്പോൾ നഗരസഭ ശ്രമിക്കുന്നത്. നഗരസഭാ അധികൃതരും വാട്ടർ അതോറിറ്റി അധികൃതരും തമ്മിൽ ഇക്കാര്യത്തിൽ ചർച്ച നടന്നുവരികയാണെന്നും അറിയിക്കുന്നു.

## സമിതി ആരാഞ്ഞ അധികവിവരം

1.11.4 മുനിസിപ്പൽ ചെയർമാനും വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരും മുനിസിപ്പൽ കൗൺസിലറും ചേർന്ന് 12-12-2006-ൽ സ്ഥലം സന്ദർശിക്കുകയും വെള്ളം സപ്ലൈ ചെയ്യാമെന്ന് വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ സമ്മതിക്കുകയും ചെയ്തിട്ടുള്ളതിനാൽ അടുത്ത കൗൺസിൽ യോഗത്തിൽവച്ച് പരാതി അംഗീകരിച്ച് നടപ്പിലാക്കുമെന്ന് ചങ്ങനാശ്ശേരി മുനിസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചിരുന്നു. ആയതിന്മേലുള്ള റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കുക.

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ മറുപടി

1.11.5 പദ്ധതി ലക്ഷ്യപ്രാപ്തിയിലെത്തിയിട്ടില്ല. വാട്ടർ ടാങ്കിന്റെ അറ്റകുറ്റപ്പണി, ടാപ്പ് സ്ഥാപിക്കൽ എന്നിവയ്ക്കായി 1,12,000 രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയതായും ആയത് 18-10-2007-ന് ടെണ്ടർ ചെയ്തതായും നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

## തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച മറുപടി

1.11.6 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി ചുവടെ ചേർക്കുന്നു:

നേർച്ചപ്പാറയിൽ KWA പൈപ്പിൽ നിന്നും കുടിവെള്ളം ശേഖരിച്ച് അതിൽ നിന്നും ഓവർഹെഡ് ടാങ്കിലേക്ക് പമ്പ് ചെയ്ത് നേർച്ചപ്പാറ കോളനി നിവാസികൾക്ക് വിതരണം ചെയ്യുന്നതിനായി പദ്ധതിയിട്ടിരുന്നു. ഇതിനായി source sump ഗുണഭോക്തൃ സമിതി

മുഖാന്തിരം 1998-ൽ പൂർത്തീകരിച്ചിരുന്നു. എന്നാൽ ഗുണഭോക്തൃ സമിതി പണി പൂർത്തിയാക്കാതെ പദ്ധതി ഉപേക്ഷിക്കുകയാണ് ചെയ്തത്. ഇതാണ് ഓഡിറ്റ് തടസ്സത്തിനിടയായത്. ടി പ്രദേശത്ത് ഇപ്പോഴും കടുത്ത വരൾച്ച അനുഭവപ്പെടുന്നുണ്ട്. KWA വെള്ളം ലഭ്യമാക്കി വിതരണം നടത്തുക സാദ്ധ്യമായി കാണുന്നില്ല. വർഷകാലത്ത് മഴവെള്ളം സംഭരിച്ചാൽ വേനൽക്കാലത്ത് കോളനി നിവാസികളുടെ പൊതു ഉപയോഗത്തിനും പൊതുകക്കൂസിലെ വെള്ളത്തിന്റെ ആവശ്യം നിറവേറ്റാനും ആയത് ഉപകരിക്കുന്നതാണ്. ഇതിനായി നിലവിൽ പണിത ടാങ്കിന് വേനൽക്കാലത്ത് അടയ്ക്കാൻ സാധിക്കുംവിധം മേൽക്കൂര നിർമ്മിക്കുകയും മറ്റ് അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. 2013-14 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ് നടത്തുന്നതിനുള്ള പദ്ധതിക്ക് ആവശ്യമായ തുക (ഉദ്ദേശം 5 ലക്ഷം) വകയിരുത്തി പദ്ധതി പൂർത്തീകരിക്കുന്നതാണ്.

<u>അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ്</u>

<u>ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്</u>

1.11.7 മറുപടിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രകാരം 2013-14 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ് നടത്തുന്നതിന് പദ്ധതി വിഭാവനം ചെയ്തിട്ടില്ല. നാളിതുവരെ നേർച്ചപ്പാറ കുടിവെള്ള പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

<u>തുടർ ശിപാർശ</u>

1.11.8 **നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തതിൻ പ്രകാരമോ സർക്കാർ സമർപ്പിച്ച മറുപടി അനുസരിച്ചോ പദ്ധതി പ്രാവർത്തികമായില്ല എന്ന് സമിതി മനസ്സിലാക്കുന്നു. 1998-ൽ വിഭാവനം ചെയ്ത പദ്ധതി 1,25,971 രൂപ ചെലവാക്കുകയും തുടർന്നുള്ള പല സാമ്പത്തിക വർഷങ്ങളിലും പദ്ധതി നടപ്പിലാക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടും പദ്ധതി പ്രയോഗപഥത്തിലെത്തിക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. സമൂഹത്തിന്റെ അടിത്തട്ടിലുള്ള ജനവിഭാഗങ്ങൾക്ക് ഉപയോഗപ്രദമായി വിനിയോഗിക്കേണ്ട തുക ഇത്തരത്തിൽ പാഴ്ചെലവായി പോകുന്നത് ആസൂത്രണത്തിന്റെയും ദീർഘവീക്ഷണത്തിന്റെയും നിശ്ചയദാർഢ്യത്തിന്റെയും അഭാവമാണെന്ന് സമിതി വിലയിരുത്തുന്നു. പരാമർശവിധേയമായ പദ്ധതിയോ പകരം മറ്റേതെങ്കിലും പദ്ധതിയോ നടപ്പിലാക്കി മേല്പറഞ്ഞ മേഖലയിലെ ജനങ്ങളുടെ കുടിവെള്ളം എന്ന ആവശ്യം നിറവേറ്റുന്നതിന് വേണ്ട നടപടി സ്വീകരിക്കുവാനും ആയത് സംബന്ധിച്ച് സ്വീകരിച്ച നടപടിയുടെ റിപ്പോർട്ട് സമർപ്പിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.**

അദ്ധ്യായം II

## സർക്കാരിൽനിന്ന്/ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറിൽനിന്ന് ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ തുടരേണ്ടതില്ല എന്ന് തീരുമാനിച്ച ശിപാർശകളും സർക്കാരിൽ നിന്ന് ലഭിച്ച മറുപടികളും

ഖണ്ഡിക നമ്പർ 18

ശിപാർശ

2.1 പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യു.

ഖണ്ഡിക നമ്പർ 21

ശിപാർശ

2.2.1 ഓഡിറ്റ് പരാമർശം സംബന്ധിച്ച് വിശദമായ മറുപടി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റിന് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച മറുപടി

2.2.2 ബാലൻസ് തുക മുഴുവനും ഈടാക്കിയിട്ടുണ്ടെന്ന് നഗരസഭാ സെക്രട്ടറി റിപ്പോർട്ട് നൽകിയിരിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട്

2.2.3 നിയമസഭാ സമിതിയുടെ ശിപാർശയനുസരിച്ച് വിശദമായ മറുപടി ലഭ്യമാക്കിയിട്ടില്ല.

സമിതി ആരാഞ്ഞ അധികവിവരങ്ങൾ

2.2.4 റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ളതുപോലെ വിശദമായ മറുപടി സമിതിക്ക് ലഭ്യമാക്കണം.

തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് ലഭിച്ച അധികവിവരം

2.2.5 കോട്ടയം നഗരസഭ IOC-യിൽ നിന്നും ലഭിക്കുവാനുള്ള തുക ഈടാക്കുന്നതിനായി ശ്രീ. ജയകുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ IOC-യിൽ ഹാജരായി ബന്ധപ്പെട്ട ജീവനക്കാരുമായി അന്വേഷണം നടത്തി IOC-യിലെ രേഖകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ കോട്ടയം നഗരസഭയ്ക്ക് തുക നൽകാനില്ലായെന്നാണ് IOC അധികൃതർ അറിയിച്ചിട്ടുള്ളത്. IOC നൽകിയ സ്റ്റേറ്റ്മെന്റ് ഇതോടൊപ്പം ഹാജരാക്കുന്നു. ആയതിനാൽ ഈ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.

<u>അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

2.2.6 11/96 മുതൽ 6/97 വരെയുള്ള കാലയളവിൽ 80.77 മെട്രിക് ടൺ ബിറ്റുമിന് വിലയായി 7,69,995 രൂപ നൽകിയതിൽ 7.23 മെട്രിക് ടൺ ബിറ്റുമിൻ ലഭിച്ചിട്ടില്ല എന്നും വിലയും ടാക്സും ഉൾപ്പെടെ 50,301 രൂപ അഡ്ജസ്റ്റ് ചെയ്തില്ല എന്നുമുള്ള ഓഡിറ്റ് പരാമർശത്തിന് നഗരകാര്യ ഡയറക്ടറുടെ മറുപടി പ്രകാരം 24-1-1997, 15-7-1997 എന്നീ ദിവസങ്ങളിലായി 58,106 രൂപ തിരികെ ലഭിച്ചിട്ടുള്ളതായി മറുപടി നൽകിയിട്ടുണ്ട്.

ഇതോടൊപ്പം IOC സ്റ്റേറ്റ്മെന്റ് പ്രകാരം ബാലൻസ് ലഭിക്കാൻ ഇല്ല എന്ന് കാണുന്നു. ആയവ പരിഗണിച്ച് പരാമർശം ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യാവുന്നതാണ്.

<u>ഖണ്ഡിക നമ്പർ 33</u>

<u>ശിപാർശ</u>

2.3.1 നായ്ക്കളെ കണ്ടെത്താൻ കഴിയാത്തതിലും വാങ്ങിയ വാക്സിൻ തക്കസമയത്ത് ഉപയോഗിക്കാനാവാതെ പദ്ധതി നടപ്പിലാക്കാൻ കഴിയാതെ പോയതിലും കമ്മിറ്റി അതൃപ്തി രേഖപ്പെടുത്തുന്നു. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ നടപടി സ്വീകരിക്കണമെന്നും പദ്ധതിയുടെ ഭാഗമായി അവശേഷിച്ചിട്ടുള്ള ഫ്രിഡ്ജ് ഹെൽത്ത് സെന്ററിൽ ഉപയോഗിക്കുന്നതിനുള്ള തീരുമാനം അടിയന്തരമായി നടപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.3.2 ഹെൽത്ത് സെന്റർ ഇപ്പോൾ പ്രവർത്തിക്കാത്തതിനാൽ ഹെൽത്ത് വിഭാഗത്തിൽ ഉപയോഗിച്ച് വരുന്നതായി മറുപടി നൽകിയിരുന്നു.

<u>ഖണ്ഡിക നമ്പർ 37</u>

<u>ശിപാർശ</u>

2.4 സമിതിക്ക് നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>ഖണ്ഡിക നമ്പർ 41</u>

2.5.1 ഉപയോഗശൂന്യമായ വളം നശിപ്പിച്ച് കളയണമെന്നും ഡെപ്യൂട്ടി ഡയറക്ടർ ഒരിക്കൽക്കൂടി ഫയൽ വിശദമായി പരിശോധിച്ചശേഷം റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.5.2 വളം നശിപ്പിക്കുകയും ഫയൽ പരിശോധനയ്ക്കായി ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ടെന്ന് നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട്

2.5.3 ഫയൽ ലഭ്യമാക്കിയിട്ടില്ലെന്ന് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

സമിതി ആരാഞ്ഞ അധികവിവരം

2.5.4 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ ഒരിക്കൽക്കൂടി പരിശോധിച്ചശേഷം റിപ്പോർട്ട് ലഭ്യമാക്കണമെന്ന സമിതി നിർദ്ദേശം നടപ്പാക്കുന്നതിലേക്ക്, ഫയലും അനുബന്ധ രേഖകളും മുനിസിപ്പാലിറ്റി പരിശോധനയ്ക്ക് സമർപ്പിച്ചിട്ടില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇക്കാര്യത്തിൽ വേണ്ട നിർദ്ദേശം നൽകി ആയതിന്മേലുള്ള അന്തിമ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കുക.

തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച അധികവിവരം

2.5.5 നിർദ്ദേശപ്രകാരം വളം നശിപ്പിച്ചുകളഞ്ഞു.

ഇക്കാര്യത്തിൽ സമിതിയുടെ നിർദ്ദേശം നടപ്പിലാക്കുന്നതിന് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് കത്ത് നൽകിയിട്ടുള്ളതിന് ലഭിച്ച മറുപടിയുടെ പകർപ്പ് അനുബന്ധം II ആയി ചേർക്കുന്നു.

അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.5.6 വളം നശിപ്പിച്ച് കളഞ്ഞതിന്റെ വിവരം ഫയലിൽ രേഖപ്പെടുത്തിയില്ല- മറുപടി അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണ്.

നമ്പർ എൽ. എഫ്. കെ. എം.3/205/2013 തീയതി 22-4-2013 ആയുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ കത്ത് പ്രകാരം തുടർനടപടികൾ അവസാനിപ്പിക്കുന്നതിന് ബഹു. നിയമസഭാ സമിതിയുടെ അനുമതി തേടുന്നതിന് ശിപാർശ ചെയ്തിട്ടുള്ളതാണ്.

ഖണ്ഡിക നമ്പർ 45

2.6.1 പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സമഗ്ര പരിശോധന നടത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.6.2 സമഗ്രപരിശോധനയ്ക്കായി ഫയൽ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറെ ഏല്പിപ്പിച്ചിട്ടുണ്ടെന്ന് നഗരസഭാ സെക്രട്ടറി മറുപടി നൽകിയിരിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ മറുപടി

2.6.3 നിയമസഭാ സമിതിയുടെ നിർദ്ദേശം പാലിച്ചിട്ടുണ്ട്. നിയമസഭാ സമിതിയുടെ നിർദ്ദേശപ്രകാരം പ്രസ്തുത ഫയലുകളും രേഖകളും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ നേരിട്ട് പരിശോധിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്ന് വിശദീകരണം തേടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടി ഡയറക്ടറുടെ നടപടി ശരിയാണെന്ന് ബോധ്യപ്പെട്ട് 24-2-2006-ലെ എൽ.എച്ച്.1581/സ്പെ.സെൽ.(ജി1)/04-ാം നമ്പർ പ്രകാരം നിയമസഭാ സെക്രട്ടേറിയറ്റിന് സമർപ്പിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണ്.

ഖണ്ഡിക നമ്പർ 60

ശിപാർശ

2.7.1 മുനിസിപ്പൽ എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റവന്യൂ ഓഫീസറാണ് വാടക നിശ്ചയിക്കുന്നത് എന്നതിനാൽ തറവാടക നിശ്ചയിച്ചുകൊണ്ട് പരാമർശം എഴുതിയ മുനിസിപ്പൽ എഞ്ചിനീയർ ശ്രീ. എബ്രഹാം ജോസഫിനോട് വിശദീകരണം ആവശ്യപ്പെടണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.7.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി റിപ്പോർട്ടിന്റെ പ്രസക്തഭാഗം നഗരസഭയിൽ 29-5-2006-ൽ മാത്രമേ ലഭ്യമായിട്ടുള്ളൂ എന്നും മുനിസിപ്പൽ എഞ്ചിനീയർ ശ്രീ. എബ്രഹാം ജോസഫ് 31-5-2006-ൽ സർവ്വീസിൽ നിന്നും പിരിഞ്ഞുപോയിട്ടുള്ളതിനാൽ വിശദീകരണം തേടാൻ കഴിഞ്ഞിട്ടില്ലെന്നും നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തു.

സമിതി ആരാഞ്ഞ അധികവിവരം

2.7.3 മുനിസിപ്പൽ എഞ്ചിനീയർ ശ്രീ. എബ്രഹാം ജോസഫിന്റെ ലയബിലിറ്റി മുഴുവൻ അദ്ദേഹത്തിന്റെ ഡി. സി. ആർ. ജി.-യിൽ നിന്ന് ഈടാക്കാവുന്നതാണെന്ന് ചങ്ങനാശ്ശേരി മുനിസിപ്പൽ എഞ്ചിനീയർ സമിതിയെ അറിയിച്ചിരിക്കുന്നു. ആയത് ഈടാക്കിയോ എന്നത് സംബന്ധിച്ചും ഇതിൽ സ്വീകരിച്ച നടപടി സംബന്ധിച്ചുമുള്ള അന്തിമ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണം.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ മറുപടി

2.7.4 മുനിസിപ്പൽ എഞ്ചിനീയർ സർവ്വീസിൽ നിന്നും വിരമിച്ചു. അദ്ദേഹത്തിന്റെ സ്ഥിരം മേൽവിലാസത്തിൽ വിശദീകരണം ആരാഞ്ഞുകൊണ്ട് കത്ത് നല്കിയെങ്കിലും നാളിതുവരെ പ്രതികരിച്ചിട്ടില്ല എന്ന് നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

2.7.5 തറവാടക നിശ്ചയിക്കുന്നതിന് അധികാരം കൗൺസിലിനാണെന്ന് സമിതി അഭിപ്രായപ്പെടുകയും പ്രസ്തുത ഖണ്ഡികയിലെ ശിപാർശ ഒഴിവാക്കുവാൻ തീരുമാനി ക്കുകയും ചെയ്തു.

## ഖണ്ഡിക നമ്പർ 69

### ശിപാർശ

2.8.1 20-2-2003-ൽ ഡി. പി. സി.-യുടെ അംഗീകാരം കിട്ടിയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.8.2 ടി വിഷയവുമായി ബന്ധപ്പെട്ട സംഗതി നിയമസഭാ അക്കൗണ്ട്സ് കമ്മിറ്റി പരിശോധിക്കുകയും 23-7-2003-ൽ കൂടിയ ഡി. പി. സി. യോഗം ചെലവ് സാധൂകരിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ഓഡിറ്റ് പരാമർശം തീർപ്പാക്കുന്നതിന് സമിതി തീരുമാനിക്കുകയും ചെയ്തു.

## ഖണ്ഡിക നമ്പർ 78

### ശിപാർശ

2.9.1 ഓഡിറ്റ് പരാമർശം വന്നതിനാൽ ഫയൽ ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകണമെന്നും 31 ലി. ബൈടെക്സ് മരുന്ന് അധികമായി ഉപയോഗിച്ചു എന്ന വിവരം ആധികാരിക രേഖകൾ മുഖാന്തിരം ബോദ്ധ്യപ്പെടുത്തണം എന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.9.2 നിയമസഭാ സമിതിയുടെ ശിപാർശയിന്മേൽ നഗരകാര്യ ഡയറക്ടർ നൽകിയ 7-10-2004-ലെ സി4-14198/04-ാം നമ്പർ കത്തിലെ നിർദ്ദേശാനുസരണം ടി വിഷയവുമായി ബന്ധപ്പെട്ട എച്ച്4-2708/98 (1998-99), എച്ച് 7568/00 (2000-01) എച്ച്4-8203/00 (2000-01) എന്നീ ഫയലുകൾ 28-10-2004-ൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ടെന്ന് നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തു.

### സമിതി ആരാഞ്ഞ അധികവിവരം

2.9.3 31 ലിറ്റർ ബൈടെക്സ് മരുന്ന് അധികമായി ഉപയോഗിച്ചു എന്ന് തെളിയിക്കുന്നതിനുള്ള ആധികാരിക രേഖകൾ ലഭ്യമാക്കുക.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ നിന്നും ലഭിച്ച മറുപടി

2.9.4 ബന്ധപ്പെട്ട ഫയൽ ഈ ഓഫീസിൽ നിന്നും പരിശോധിച്ചതിൽ ബൈടെക്സ് എന്ന വസ്തു കൊതുക് നിവാരണത്തിന് നഗരസഭാ പ്രദേശത്ത് ഉപയോഗിക്കുന്നതിന്റെ അളവ് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തിട്ടപ്പെടുത്തിയിട്ടില്ലാത്തതിനാൽ തടസ്സം നിലനിൽക്കുന്നു.

സമിതി വീണ്ടും ആരാഞ്ഞ അധികവിവരം

2.9.5 ഫയൽ പരിശോധനയിൽ ബൈടെക്സ് എന്ന വസ്തു കൊതുക് നിവാരണത്തിന് നഗരസഭാ പ്രദേശത്ത് ഉപയോഗിക്കുന്നതിന്റെ അളവ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തിട്ടപ്പെടുത്തിയിട്ടില്ലെന്ന ലോക്കൽ ഫണ്ട് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഗരസഭയ്ക്ക് 40,378 രൂപ നഷ്ടം വരുത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് കണ്ടെത്തി, അവരുടെ മേൽ നടപടി സ്വീകരിച്ച് 30 ദിവസത്തിനുള്ളിൽ മറുപടി ലഭ്യമാക്കുക.

തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് ലഭിച്ച അധികവിവരം

2.9.6 ചങ്ങനാശ്ശേരി നഗരസഭാ പരിസരത്ത് ബൈടെക്സ് എന്ന വസ്തു കൊതുക് നിവാരണത്തിന് നിശ്ചിത അളവിൽ കൂടുതൽ ഉപയോഗിക്കേണ്ടതായി വന്നിട്ടുണ്ട്. ആയത് സാധൂകരിക്കുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസറുടെ കത്തിന്റെ പകർപ്പ് മലമ്പനി നിവാരണം സംബന്ധിച്ചുള്ള ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസിന്റെ സർക്കുലറിന്റെ പകർപ്പ് ഇതോടൊപ്പം ഹാജരാക്കുന്നു (അനുബന്ധം II). ആയത് പരിഗണിച്ച് കൂടുതലായി ബൈടെക്സ് ഉപയോഗിച്ചതിനുള്ള നിയമനടപടികളിൽ നിന്നും ഒഴിവാക്കി തരണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.

അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ്
ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.9.7 ചങ്ങനാശ്ശേരി നഗരസഭാ പരിസരത്ത് ബൈടെക്സ് എന്ന വസ്തു നിശ്ചിത അളവിൽ കൂടുതൽ ഉപയോഗിക്കേണ്ടതായി വന്നത് ലഭ്യമാക്കിയിരിക്കുന്ന രേഖകൾ പ്രകാരം സാധൂകരിക്കാവുന്നതാണെന്ന് അഭിപ്രായപ്പെടുന്നു.

ഖണ്ഡിക നമ്പർ 86

ശിപാർശ

2.10.1 റീ-സർവ്വേ മാപ്പ് ഉൾപ്പെടെയുള്ള രേഖകൾ പരിശോധിച്ച ലോക്കൽ ഫണ്ട് ഡയറക്ടർ സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും പ്രോജക്ടിനെ സംബന്ധിച്ച വിജിലൻസ് അന്വേഷണത്തിലെ നിഗമനങ്ങൾ സർക്കാർ സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.10.2 സർവ്വേ മാപ്പ് ഉൾപ്പെടെയുള്ള ഫയൽ 28-10-2004-ൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ലോക്കൽ ഫണ്ട് ഓഡിറ്റ്, ചങ്ങനാശ്ശേരിക്ക് നൽകിയിട്ടുണ്ട്. സമിതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഫയൽ ടി വിഷയം സംബന്ധിച്ച മുനിസിപ്പൽ എഞ്ചിനീയറുടെ റിപ്പോർട്ട് സഹിതം സമർപ്പിച്ചിട്ടുണ്ട്.

<u>സമിതി ആരാഞ്ഞ അധികവിവരം</u>

2.10.3 ചങ്ങനാശ്ശേരി നഗരസഭയിലെ ദേശീയ നിലവാരത്തിലുള്ള മൾട്ടി പർപ്പസ് സ്പോർട്സ് കോംപ്ലക്സ് നിർമ്മാണ പ്രോജക്ടിനെ സംബന്ധിച്ച് വിജിലൻസ് അന്വേഷണത്തിലെ നിഗമനങ്ങൾ ലഭ്യമാക്കുക.

<u>ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ മറുപടി</u>

2.10.4 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ആയിരുന്ന ശ്രീ. എ. ജി. എബ്രഹാം സ്ഥലപരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ആയത് സംബന്ധിച്ച് ഈ ഓഫീസിൽ ലഭ്യമായ റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു (അനുബന്ധം II ആയി ചേർത്തിരിക്കുന്നു).

<u>സമിതി ആരാഞ്ഞ അധികവിവരം</u>

2.10.5 ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുക.

<u>തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച അധികവിവരം</u>

2.10.6 അഡീഷണൽ കമ്മീഷണർ ഓഫ് ലാന്റ് റവന്യൂ ഓഫീസറുടെ 16-7-2008-ലെ No. F. B.(A6)-11369/2007-ാം നമ്പർ ഉത്തരവിലെ 2-ാം ഖണ്ഡികയിൽ ഇത് സംബന്ധിച്ച് വിജിലൻസ് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ട് പൂർത്തീകരിച്ചതായിട്ടും തുടർനടപടികൾ ആവശ്യമില്ലായെന്നും ശിപാർശ ചെയ്തുകൊണ്ട് (VE-10/03/ERK) സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തതായി സൂചിപ്പിച്ചിരിക്കുന്നു.

<u>അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ</u>
<u>ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്</u>

2.10.7 സമിതി നിർദ്ദേശപ്രകാരം വിജിലൻസ് അന്വേഷണം പൂർത്തീകരിക്കുകയും റീ-സർവ്വേ മാപ്പ് ഉൾപ്പെടെയുള്ള രേഖകൾ പരിശോധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമിതിക്ക് റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്. നിയമസഭാ സമിതി തീരുമാനത്തിനും തുടർനിർദ്ദേശങ്ങൾക്കും വിധേയമായി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ഖണ്ഡിക നമ്പർ 89

### ശിപാർശ

2.11.1 പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് രേഖകൾ വിശദമായി പരിശോധിച്ചശേഷം നഗരകാര്യ ഡയറക്ടർ സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.11.2 ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് നഗരകാര്യ ഡയറക്ടർ മുഖാന്തിരം നൽകിയ മറുപടിയിലെ കാര്യങ്ങൾക്ക് പുറമേ മറ്റ് തുടർനടപടികൾ സ്വീകരിച്ചിട്ടില്ലാത്തതാണ്.

### നഗരകാര്യ ഡയറക്ടർ ലഭ്യമാക്കിയ മറുപടി

2.11.3 ചവർ ഡിപ്പോയിൽ നിന്നും ചവർ നീക്കം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചിരുന്നു. ശ്രീ. തോമസ് ചാക്കോയുടെ അപേക്ഷ നഗരസഭയുടെ സംവിധാനങ്ങൾ ഉപയോഗിച്ച് കെട്ടിക്കിടക്കുന്ന ചവർ നീക്കം ചെയ്യുന്നതിനായിരുന്നു. 41,790 രൂപ അടങ്കലിൽ നഗരസഭയുടെ സംവിധാനങ്ങൾ ഉപയോഗിച്ച് കെട്ടിക്കിടക്കുന്ന ചവർ നീക്കം ചെയ്യുന്നതിന് നഗരസഭാ ആരോഗ്യ വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കി ശ്രീ. തോമസ് ചാക്കോയുടെ അപേക്ഷ സ്വീകരിച്ച മേൽ അടങ്കൽ തുകയിൽ ചവർ നീക്കം ചെയ്യുന്നതിനാണ് കൗൺസിൽ തീരുമാനിച്ചത്. എന്നാൽ കരാറുകാരന് വർക്ക് ഓർഡർ നൽകിയില്ല.

2.11.4 വർക്ക് ഓർഡർ നൽകാതിരുന്നതിന് കാരണമായി പറയുന്നത് നഗരസഭയുടെ ഉദ്യോഗസ്ഥരടക്കമുള്ള സംവിധാനങ്ങൾ കരാറുകാരന് നൽകിയാൽ നഗരസഭയുടെ ശുചീകരണ പ്രവർത്തനങ്ങൾ തകരാറിലാകും എന്നാണ്. കരാറുകാരന്റെ ക്വട്ടേഷൻ പ്രകാരം നഗരസഭയുടെ വണ്ടികളും ജീവനക്കാരും ഉച്ചയ്ക്ക് 12 മണിക്കുശേഷം നൽകുകയും വളം വിലയില്ലാതെ നൽകുകയും വേണം. എങ്കിൽ അവ ഉപയോഗിച്ച് ഒരു മാസം കൊണ്ട് 41,790 രൂപ അടങ്കലിൽ ചവർ നീക്കം ചെയ്യും. ദിവസേന 12 മണിക്കുശേഷം നഗരസഭയിൽ ശുചീകരണ പ്രവർത്തനങ്ങൾ നടക്കുന്നില്ലെന്നും അതുകൊണ്ട് ലോറി, ജീവനക്കാർ എന്നിവ കരാറുകാരന് നൽകാമായിരുന്നു എന്നുമാണ് ഓഡിറ്റ് വാദഗതി. കൂടാതെ ചവർ ഡിപ്പോയിൽ ചവർ ഒതുക്കി ഇടുന്നതിന് ജെ.സി.ബി. ഉപയോഗിച്ച വകയിൽ നഗരസഭയ്ക്ക് അധിക ചെലവ് വഹിക്കേണ്ടിവന്നു. ഹെൽത്ത് ഇൻസ്പെക്ടറുടെ റിപ്പോർട്ടിന്മേലാണ് വർക്ക് ഓർഡർ നൽകാതിരുന്നതടക്കമുള്ള നടപടികൾ കൈക്കൊണ്ടത്.

2.11.5 ചവർ ഡിപ്പോയിൽ നിന്നും ചവർ നീക്കം ചെയ്യേണ്ടിയിരുന്നത് ശുചീകരണ പ്രവർത്തനങ്ങളുടെ ഒരു പ്രധാന ഭാഗം തന്നെയായിരുന്നു എന്നത് ഹെൽത്ത് ഇൻസ്പെക്ടറും, ടി ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിൽ ചവർ നീക്കം ചെയ്യാൻ വർക്ക് ഓർഡർ നൽകാതിരുന്ന മറ്റ് അധികാരികളും എന്തുകൊണ്ട് കണക്കാക്കിയില്ല എന്നത് മനസ്സിലാകുന്നില്ല. അതേസമയം ഡിപ്പോയിലേക്ക് പുതുതായി കൊണ്ടുവരുന്ന ചവർ ഇടുന്നതിന് സ്ഥലം കണ്ടെത്തുവാൻ ജെ.സി.ബി. ഉപയോഗിച്ച് ചവർ ഒതുക്കി ഇടുന്ന പണി നടത്തുകയും വാടക ഇനത്തിൽ ചെലവ് വഹിക്കുകയും ചെയ്തു. നിലവിൽ ഡിപ്പോയിലുള്ള ചവർ നീക്കം ചെയ്തിരുന്നെങ്കിൽ പുതുതായി കൊണ്ടുവരുന്ന ചവർ ഇടുന്നതിന് സ്ഥലം കണ്ടെത്താൻ എളുപ്പമാകുമായിരുന്നു.

2.11.6 ഇക്കാര്യങ്ങളെക്കുറിച്ച് ഫയലിൽ വിശദീകരണങ്ങൾ ഇല്ല. ജെ. സി. ബി. മെഷീൻ ഉപയോഗിച്ച് ഡിപ്പോയിൽ ചവർ ഒതുക്കിയിടുന്നതിന് 6/2000 മുതൽ 12/01 വരെ 1,96,395 രൂപ ചെലവായിട്ടുള്ളതായി കാണുന്നു. ബന്ധപ്പെട്ട ഹെൽത്ത് ഇൻസ്പെക്ടർ ജീവിച്ചിരിപ്പില്ലാത്തതിനാൽ നേരിട്ട് വിശദീകരണം ലഭിക്കാനും സാദ്ധ്യമല്ല.

2.11.7 അതേസമയം നിലവിലുണ്ടായിരുന്ന ചവർ നീക്കം ചെയ്യുന്നതിന് വർക്ക് ഓർഡർ നൽകാതിരുന്നതും ചവർ ഒതുക്കിയിടുന്നതിന് ജെ. സി. ബി. ഉപയോഗിക്കേണ്ടിവന്നതും നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം വരുത്തിയോ എന്നത് പരിശോധിച്ചു. നഗര ശുചീകരണം കേരളത്തിലെ നഗരസഭകൾ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്നാണ്. ഏറ്റവും സെൻസിറ്റീവായ പ്രശ്നവും ഇതുതന്നെ. എന്നാൽ ഇക്കാര്യത്തിൽ വ്യക്തമായ നിർദ്ദേശങ്ങൾ പൊതുവായി ഉള്ളതായി കാണുന്നില്ല. ആയതിനാൽ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും തദ്ദേശീയമായ ആവശ്യകതകൾക്ക് അനുസൃതമായി നയങ്ങൾ കൈക്കൊള്ളുകയും നടപ്പിലാക്കുകയും ചെയ്യുന്നു. പൊതുജനങ്ങളുടെ പരാതിക്കിടയില്ലാത്ത നിലയിൽ ശുചീകരണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാണ് ശ്രമം.

2.11.8 ചങ്ങനാശ്ശേരി നഗരസഭയിൽ ചവർ ഡിപ്പോയിൽ കുമിഞ്ഞുകൂടുന്ന ചവർ സ്ഥലപരിമിതി നിമിത്തം പൊതുറോഡിലേക്കും മറ്റും കവിഞ്ഞു കിടക്കുകയും മഴക്കാലത്തും മറ്റും തന്മൂലം ഇത് ഗുരുതരമായ ശുചിത്വ പ്രശ്നത്തിലേക്ക് വഴിവയ്ക്കുകയും ചെയ്യുന്നു. ചവർ നീക്കം ചെയ്യുന്നത് ഭാഗിക പരിഹാരം മാത്രമേ ആകുന്നുള്ളൂ. ഡിപ്പോയിലെ ചവർ ഒതുക്കി ക്രമീകരിക്കുന്നതിന് നടപടികൾ കൈക്കൊള്ളുന്നത് അനാവശ്യമാണെന്ന് കരുതുക വയ്യ. ചെറിയ ട്രഞ്ചിംഗ് ഗ്രൗണ്ടും കോടതി കേസുകളും നിലനിൽക്കുന്ന സാഹചര്യത്തിലാണ് നഗരസഭയുടെ നടപടികൾ എന്ന് കാണുന്നു. 6/2000 മുതൽ 12/01 വരെ ഒന്നരവർഷക്കാലയളവിലാണ് നഗരസഭ മൊത്തം 1,96,395 രൂപ ചെലവ് ചെയ്തിട്ടുള്ളത്. തുടർച്ചയായി എല്ലായ്പ്പോഴും ജെ.സി.ബി. ഉപയോഗിച്ചിട്ടില്ല. ആവശ്യം വരുന്ന

സമയങ്ങളിലാണ് വാടകയ്ക്കെടുക്കുന്നത്. ചവർ നീക്കം ചെയ്യാൻ പണം ചെലവഴിച്ചാൽത്തന്നെയും ചവർ ഡിപ്പോയിൽ സ്ഥലലഭ്യത ഉറപ്പുവരുത്താൻ മറ്റ് നടപടികൾ കൈക്കൊള്ളുന്നതും അതിന് പണം ചെലവിടേണ്ടിവരുന്നതും വഴിവിട്ടുള്ള നടപടികളായി കാണേണ്ടതില്ലായെന്ന് റിപ്പോർട്ട് ചെയ്യുകൊള്ളുന്നു.

<u>ഖണ്ഡിക നമ്പർ 92</u>

<u>ശിപാർശ</u>

2.12.1 പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട ഫയൽ നഗരകാര്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കണം എന്നും ഡയറക്ടർ അത് പരിശോധിച്ച് ഒരു നിഗമനത്തിൽ എത്തിയശേഷം കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ യുക്തമായ നടപടി സ്വീകരിക്കുന്നതോടൊപ്പം കമ്മിറ്റിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.12.2 ടി വിഷയത്തിൽ നിയമസഭാ സമിതിക്ക് റിപ്പോർട്ട് നൽകിയതിനുശേഷം തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ലാത്തതാണ്. നിയമസഭാ സമിതിയുടെ റിപ്പോർട്ട് 29-5-2006-ൽ മാത്രമാണ് ലഭിച്ചിട്ടുള്ളതെന്നും ടി ഫയൽ അടിയന്തരമായി നഗരകാര്യ ഡയറക്ടർക്ക് സമർപ്പിക്കുന്നതാണെന്നും നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തു.

<u>നഗരകാര്യ ഡയറക്ടർ ലഭ്യമാക്കിയ നടപടി</u>

2.12.3 ചങ്ങനാശ്ശേരി നഗരസഭയുടെ മാടത്താനിക്കടവ് മുതൽ വടക്കോട്ട് പുതിയ വഴി നിർമ്മിക്കുന്ന ഫയൽ പ്രകാരം അസ്സൽ എസ്റ്റിമേറ്റ് നഗരസഭാ എഞ്ചിനീയർ തയ്യാറാക്കിയത് 1,02,100 രൂപയാണ്. നഗരസഭാ കൗൺസിൽ ആയത് അംഗീകരിച്ച് 17-2-1998-ൽ ഭരണാനുമതി നൽകി. എഞ്ചിനീയർ സാങ്കേതികാനുമതിയും നൽകി. എസ്റ്റിമേറ്റിനോടൊപ്പം ഡേറ്റാ ഷീറ്റും ഉണ്ട്. ഡേറ്റാ ഷീറ്റ് അനുസരിച്ച് വെള്ളത്തിനടിയിൽ മണ്ണെടുക്കുന്നതിനുള്ള 1-ാം ഇനമായി ഉൾപ്പെടുത്തിയിരിക്കുന്നത്. വെള്ളത്തിൽ പണി നടത്തുന്നതിനുവേണ്ടി 20% അധികം അനുവദിച്ച നിരക്കാണ് നൽകിയിട്ടുള്ളത്. ഇപ്രകാരം എടുത്ത ഫൗണ്ടേഷനിൽ നിന്നും കരിങ്കല്ലിൽ പാർശ്വഭിത്തി നിർമ്മിച്ച് വഴി ഉണ്ടാക്കുന്നതാണ് പണി. പാർശ്വഭിത്തിക്ക് പുറത്ത് തെങ്ങിൻ പാളികൾ അടിച്ച് ഭിത്തി സംരക്ഷിക്കണമെന്ന് എഞ്ചിനീയർ രണ്ടാമതായി നിർദ്ദേശിച്ച അധിക വേല പണിക്ക് ഉടമ്പടിവച്ചശേഷമാണ് നിർദ്ദേശിക്കപ്പെട്ടത്. മണ്ണിന്റെ ഉറപ്പ് കുറവാണ് കാരണമായി എഞ്ചിനീയർ പറഞ്ഞത്. ഇത് എസ്റ്റിമേറ്റ് എടുക്കുന്ന സമയത്താണ് ചിന്തിക്കേണ്ടിയിരുന്നത് എന്ന സെക്രട്ടറിയുടെ നിലപാട് ശരിയാണ്.

2.12.4 അസ്സൽ എസ്റ്റിമേറ്റ് എടുക്കുന്ന സമയത്തുതന്നെ ഇക്കാര്യം ചിന്തിച്ചിരുന്നെങ്കിൽ അധികച്ചെലവാകുമെന്ന് കാണുന്ന തുക 38,000 രൂപ എസ്റ്റിമേറ്റിൽ ഉൾപ്പെടുമായിരിക്കാം. എന്നാൽ തുക അനുവദിക്കുന്നത് ബഡ്ജറ്റിലെ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കൗൺസിലാണ്. ഫണ്ടിന്റെ ലഭ്യതയുണ്ടെങ്കിൽ കരാറുകാരനുമായി ഉടമ്പടിവച്ച് പണി ആരംഭിക്കുന്ന സമയത്തും കൗൺസിൽ തുക അനുവദിക്കും. ചട്ടങ്ങൾ എസ്റ്റിമേറ്റ് പുതുക്കാൻ അനുവദിക്കുമെങ്കിൽ അതായത് ഫണ്ടിന്റെ ലഭ്യതയും കൗൺസിലിന്റെ തീരുമാനവുമാണ് തീരുമാനഘടകങ്ങൾ എന്ന് ചുരുക്കം. ചട്ടം അനുവദിക്കുമെങ്കിൽ സെക്രട്ടറിയുടെ നിലപാട് മറികടന്നും കൗൺസിലിന് തീരുമാനിക്കാം.

2.12.5 വിവാദവിഷയത്തിൽ ഉടമ്പടിവച്ച് പണി ആരംഭിക്കുന്ന ഘട്ടത്തിൽ എസ്റ്റിമേറ്റ് പുതുക്കണമെന്ന നിർദ്ദേശം സ്വീകരിക്കാൻ പൊതുമരാമത്ത് ചട്ടപ്രകാരം നിവൃത്തിയില്ല. സാധാരണ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരിക്കുന്ന ഇനങ്ങളിൽ അളവിൽ വർദ്ധനവ് വേണ്ടിവരുമ്പോഴോ മുൻകൂട്ടി കാണാൻ കഴിയാത്ത ഒരു സ്ഥിതി തരണം ചെയ്യേണ്ടപ്പോഴോ ആണ് എസ്റ്റിമേറ്റ് പുതുക്കി അധിക പണികളും നിലവിലുള്ള കരാറുകാരനെ ഏല്പിക്കുന്നത്. ഇപ്രകാരമല്ലാത്ത പുതിയ ഇനം പണികൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കി ടി പണികൾ കൂടി നിലവിലുള്ള കരാറുകാരനെ ഏല്പിക്കുന്നത് അതും 38% അധികചെലവ് വരുന്ന രീതിയിൽ ചട്ടങ്ങൾക്ക് അനുസരണമല്ല എന്നതുപോലെതന്നെ തെറ്റായ കീഴ്‌വഴക്കങ്ങളും സൃഷ്ടിക്കും. ഉദ്യോഗസ്ഥൻ എന്ന നിലയിൽ സെക്രട്ടറിക്ക് ചട്ടപ്രകാരം മാത്രം പ്രവർത്തിക്കാനാണ് ബാധ്യത. പ്രത്യേകിച്ച് സാമ്പത്തിക ബാധ്യതകൾ ഉള്ള വിഷയങ്ങളിൽ വസ്തുനിഷ്ഠമല്ലാത്ത എസ്റ്റിമേറ്റാണ് എഞ്ചിനീയർ തയ്യാറാക്കിയതെങ്കിലും റോഡ് നിർമ്മാണ വേലയ്ക്ക് അനുവദിക്കപ്പെട്ട തുകയ്ക്കുള്ള എസ്റ്റിമേറ്റ് എഞ്ചിനീയർ തയ്യാറാക്കിയിട്ടുണ്ട്. പിന്നീട് ആവശ്യമാണെന്ന് കണ്ടെത്തിയ പണികൂടി തുടക്കത്തിൽത്തന്നെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നെങ്കിൽ കൂടുതൽ തുക കൗൺസിൽ അനുവദിക്കാത്തിടത്തോളം പണി നീക്കിവയ്ക്കപ്പെട്ട തുകയ്ക്കുള്ളിൽ മറ്റ് ഇനങ്ങളിലെ അളവിൽ കുറവോടെ അവസാനിക്കും.

2.12.6 ഈ സാഹചര്യങ്ങളിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ക്രമവിരുദ്ധമായും ദുരുദ്ദേശപൂർവ്വമായുമുള്ള നടപടികൾ ഉണ്ടായതായി കാണുന്നില്ലാ എന്ന വിവരം സമർപ്പിച്ചുകൊള്ളുന്നു.

<u>ഖണ്ഡിക നമ്പർ 95</u>

<u>ശിപാർശ</u>

2.13.1 പ്രസ്തുത പദ്ധതി സംബന്ധിച്ച് എല്ലാ രേഖകളും വിശദമായി പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നഗരകാര്യ വകുപ്പ് ഡയറക്ടറോട് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.13.2 സമിതിയുടെ 23-8-2004-ലെ മീറ്റിംഗിലെ തീരുമാനപ്രകാരം ടി വിഷയവുമായി ബന്ധപ്പെട്ട ഫയൽ നഗരകാര്യ ഡയറക്ടറുടെ ഓഫീസിൽ നൽകി കൈപ്പറ്റ് രസീത് വാങ്ങിയിട്ടുള്ളതാണെന്നും കമ്മിറ്റി നിർദ്ദേശപ്രകാരം നഗരകാര്യ ഡയറക്ടർ പരിശോധനയ്ക്കായി ജോയിന്റ് ഡയറക്ടർ ഓഫ് അർബൻ അഫയേഴ്സിനെ (അഡ്മിനിസ്ട്രേഷൻ) ചുമതലപ്പെടുത്തുകയും ടിയാൻ 3-9-2004-ൽ സ്ഥലപരിശോധന നടത്തിയിട്ടുള്ളതാണെന്നും നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്യുന്നു.

<u>നഗരകാര്യ ഡയറക്ടർ ലഭ്യമാക്കിയ മറുപടി</u>

2.13.3 ചങ്ങനാശ്ശേരി നഗരസഭയിൽ ഐ. ഡി. എസ്. എം. റ്റി. ഫണ്ട് ഉപയോഗിച്ച് വണ്ടിപ്പേട്ടയിൽ നഗരസഭ നിർമ്മിച്ചതാണ് ടി ഷോപ്പിംഗ്-കം-ഗോഡൗൺ കെട്ടിടം.

2.13.4 ടി കെട്ടിടത്തിന് 8 വർഷമായി യാതൊരു അറ്റകുറ്റപ്പണികളും നടത്താതിരുന്ന സാഹചര്യത്തിൽ റൂഫ് സ്ലാബിൽ ഉണ്ടായ ചോർച്ച ഒഴിവാക്കുന്നതിന് പ്ലാസ്റ്ററിംഗ് നടത്തുകയും വൈറ്റ് വാഷിംഗ്, പെയിന്റിംഗ് എന്നിവ ചെയ്യുന്നതിനുവേണ്ടി 95,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്തത് 8-5-1997-ലെ 11-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം 95,000 രൂപയുടെ അടങ്കലും ശ്രീ. ഷുക്കൂറിന്റെ ടെണ്ടറും (14.9% അധികരിച്ച നിരക്കിലുള്ളത്) അംഗീകരിച്ച് വർക്ക് ഓർഡർ നൽകിയ നടപടികളും അംഗീകരിച്ചും ടി കെട്ടിടത്തിന്റെ മുകളിലുള്ള ഹാളും അതോടുചേർത്തുള്ള മുറികളും 1-7-1995 മുതൽ പ്രതിമാസം 250 രൂപ നിരക്കിൽ വാടകയ്ക്ക് നൽകിയിരുന്നതായും 1-4-1996 മുതൽ വാടക 275 രൂപയാക്കി പുതുക്കി നിശ്ചയിച്ചത് പ്രകാരം ടിയാൻ കരാർ ഉടമ്പടി ഹാജരാക്കാതിരുന്നതിനാലും 10/97-വരെ മാത്രം വാടക അടച്ചിരുന്നതിനാലും ടിയാളെ ഒഴിപ്പിക്കുകയും അറ്റകുറ്റപ്പണികൾക്കായി എഞ്ചിനീയറിംഗ് വിഭാഗത്തിനെ ഏല്പിക്കുകയും ടി മുറികൾ വാടകക്കാരൻ അനധികൃതമായി ഉപയോഗിച്ചുവന്നതിനാൽ ടിയാനെ ഒഴിപ്പിക്കുന്നതിനുണ്ടായ കാലതാമസമാണ് അറ്റകുറ്റപ്പണികൾ ആരംഭിക്കുന്നതിൽ കാലതാമസമുണ്ടാകാൻ കാരണമെന്നും അറ്റകുറ്റപ്പണികൾ മുഖേന നിലവിൽ കെട്ടിടത്തിന്റെ അപകടാവസ്ഥ ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും അന്വേഷണ സമയത്ത് അറിയുവാൻ സാധിച്ചു. മാത്രമല്ല പുതുക്കിയ അടങ്കൽ പ്രകാരം വർക്ക് ചെയ്യാതിരുന്നതുമൂലം താഴത്തെ നിലയിലുള്ള മുറികൾ വാടകയ്ക്ക് കൊടുത്തിട്ടില്ല എന്ന പരാമർശം ശരിയല്ല എന്ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടിൽ കാണുന്നു. താഴത്തെ നിലയിലെ 1, 2, 3, 4, 6 മുറികൾ ടി കാലയളവിൽത്തന്നെ വാടകയ്ക്ക് നൽകിയിട്ടുള്ളതാണെന്നും 5-ാം നമ്പർ മുറി 1-4-1998 മുതൽ വാടകയ്ക്ക് നൽകിയിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു. താഴത്തെ മുറികൾ എല്ലാം ഗോഡൗൺ ആയിട്ടാണ് ഉപയോഗിക്കുന്നത്.

2.13.5 കൂടാതെ മുകളിലത്തെ ഭാഗം ചോർച്ച മാറ്റി അപകടാവസ്ഥ തരണം ചെയ്തിട്ടുണ്ടെന്നും ടി കെട്ടിടം പൂർണ്ണമായും ഉപയോഗയോഗ്യമാക്കണമെങ്കിൽ ഒരു വലിയ തുക ചെലവാക്കേണ്ടിവരും. അപ്രകാരം ചെയ്യുമ്പോൾ ടി സ്ഥലം വാണിജ്യപരമായി ഇപ്പോൾ വികസന സാദ്ധ്യത ഇല്ലാത്തതിനാൽ മതിയായ തിരിച്ചടവ് ലഭിക്കത്തക്കവിധത്തിൽ ടി കെട്ടിടം ലേലത്തിൽ പോകാൻ സാദ്ധ്യതയില്ല. എന്നാൽ കെട്ടിടത്തിന്റെ നിലനില്പിന് ആവശ്യമായ അടിയന്തര അറ്റകുറ്റപ്പണി നടത്തുന്ന വിഷയം പരിഗണനയിലാണെന്ന് സെക്രട്ടറി പറഞ്ഞു. മേൽ സാഹചര്യത്തിൽ ടി അറ്റകുറ്റപ്പണികൾക്ക് ചെലവഴിച്ചിട്ടുള്ള തുക അനിവാര്യമാണെന്നും റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

2.13.6 ഈ സാഹചര്യത്തിൽ ടി വിഷയത്തിലുള്ള ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

<u>ഖണ്ഡിക നമ്പർ 101</u>

<u>ശിപാർശ</u>

2.14.1 പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് വിശദമായ റിപ്പോർട്ട് സമിതി ആവശ്യപ്പെട്ടുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. അതിനാൽ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>നഗരസഭ നൽകിയ മറുപടി</u>

2.14.2 പാലാ നഗരസഭയുടെ 1996-97-ലെ ഓഡിറ്റ് റിപ്പോർട്ടിലെ 56-ാം ഖണ്ഡികയിലെ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട 17-8-2004-ലെ റിപ്പോർട്ടിന്റെ തുടർച്ചയായി താഴെ പറയുന്ന വിവരങ്ങൾ നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തു:

(1) ടി മരാമത്ത് പണിയ്ക്ക് വേണ്ടി കരാറുകാരൻ വാങ്ങിയ 162 ചാക്ക് സിമൻറിന്റെ വിലയിനത്തിൽ അധിക ചെലവ് വന്ന 10,004 രൂപ കരാറുകാരന്റെ പക്കൽ നിന്നും കരാറുകാരൻ പണമായി നേരിട്ട് അടയ്ക്കാത്ത സാഹചര്യത്തിൽ ടിയാന് പി.ഡബ്ല്യു.1/5728/01-ാം നമ്പർ ഫയൽപ്രകാരം നൽകുവാൻ അവശേഷിച്ചിരുന്ന 31,040 രൂപയിൽ നിന്ന് ക്രമീകരിക്കുകയും തുക ഇതിനകം നഗരസഭാ ഫണ്ടിൽ വരവ് വെച്ചിട്ടുള്ളതുമാണ്.

(2) ടി നിർമ്മാണ പ്രവർത്തനത്തിൽ നിർമ്മിച്ച റോഡിന്റെ നീളം അളന്ന് നോക്കിയതിൽ റോഡിന് യഥാർത്ഥത്തിൽ 69 മീറ്റർ ദൈർഘ്യം ലഭ്യമാണെന്നും എർത്ത്ഫൗണ്ടേഷന്റെ നീളം "63" മീറ്റർ എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് പിശക് സംഭവിച്ചതുമൂലമാണെന്നും കാണുന്നു.

2.14.3 ലെവൽ ബുക്കിലും ഗ്രാഫിലും നടത്തിയിട്ടുള്ള രേഖപ്പെടുത്തലുകളിൽ ഇക്കാര്യം വ്യക്തമാകുന്നുണ്ട്. ടി സാഹചര്യത്തിൽ കോൺക്രീറ്റ് ഫൗണ്ടേഷൻ, ആർ.ആർ. മേസണറി എന്നീ ഇനങ്ങളിൽ 69 മീറ്റർ ദൈർഘ്യം എന്ന് കണക്കാക്കി പേയ്മെന്റ് നടത്തിയിട്ടുള്ളത് യഥാർത്ഥത്തിൽ നിർവ്വഹിച്ച പ്രവൃത്തികളുടെ അളവുകളുടെ അടിസ്ഥാനത്തിൽ തന്നെയാണെന്നും ബോദ്ധ്യപ്പെടുത്തുന്നു. ഇക്കാര്യത്തിൽ അധിക ചെലവ് ഉണ്ടായിട്ടില്ല.

2.14.4 ഇത് സംബന്ധിച്ച് ബഹു. കേരള നിയമസഭാ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം 23-9-2004-ൽ കോട്ടയം എം.1 സബ്ഡിവിഷനിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. വി. എച്ച്. സുരേഷ്, കോട്ടയം ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. എം. എസ്. വിജയകുമാരൻ നായരുടേയും കോട്ടയം മുനിസിപ്പൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. എ. കെ. ഗോപാലൻ ചെട്ടിയാരുടേയും പാലാ മുനിസിപ്പൽ എഞ്ചിനീയർ ശ്രീ. കെ. ജയകുമാറിന്റേയും സാന്നിദ്ധ്യത്തിൽ ടി നിർമ്മാണത്തിൽ പറഞ്ഞിരിക്കുന്ന അപാകതകളെ സംബന്ധിച്ച് ടെക്നിക്കൽ വെരിഫിക്കേഷൻ നടത്തുകയും ടി 69 മീറ്റർ റിവർവ്യൂ റോഡിന്റെ പ്രവൃത്തിയും റിക്കോർഡ് ചെയ്യുന്നതിൽ പിശക് സംഭവിച്ചതാണെന്നും സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമാണ്. അളവുകൾ കൃത്യമായി റെക്കോർഡ് ചെയ്യുന്നതിലുണ്ടായ വീഴ്ച മാപ്പാക്കണമെന്നും യഥാർത്ഥത്തിൽ ചെയ്ത വർക്കിന് മാത്രമേ പണം നൽകിയിട്ടുള്ളൂ എന്നതിനാൽ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം ഉണ്ടാക്കാത്തത് പരിഗണിച്ച് അധിക ചെലവ് വന്നുവെന്ന് ഓഡിറ്റിൽ കണ്ടെത്തിയ 1,14,991.35 രൂപയുടെ ഓഡിറ്റ് തടസ്സം നീക്കം ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

2.14.5 നഗരസഭാ സെക്രട്ടറിയുടെ മറുപടിയിൽ അപാകതകൾ ഒന്നുമില്ലെന്ന് സാക്ഷ്യപ്പെടുത്തുന്നു. മറുപടി സ്വീകരിച്ച് തുടർനടപടികൾ ഒഴിവാക്കാവുന്നതാണ്.

<u>സർക്കാർ മറുപടി</u>

2.14.6 ടി ഓഡിറ്റ് പരാമർശ വിഷയം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലോക്കൽ ഫണ്ട് ഡയറക്ടറുടെ സൂക്ഷ്മപരിശോധനയ്ക്കുശേഷം നൽകണമെന്ന് ബഹു. നിയമസഭാ സെക്രട്ടറിയുടെ 18-8-2006-ലെ 844/എൽ.എഫ്.എ.സി.ബി1/2006/ലെജി. നമ്പർ നിർദ്ദേശപ്രകാരം നടപടി റിപ്പോർട്ട് പരിശോധനയ്ക്കായി ലോക്കൽ ഫണ്ട് ഡയറക്ടർക്ക് നൽകിയിട്ടുള്ളതാണ് (14-8-2007-ലെ HC.4374/01-കത്ത്).

ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദമായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

2.14.7 ബഹു. കേരള നിയമസഭാ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം 23-9-2004-ൽ കോട്ടയം മൈനർ ഇറിഗേഷൻ സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ശ്രീ. വി. എച്ച്. സുരേഷ്, കോട്ടയം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ, ശ്രീ. എം. എസ്. വിജയകുമാരൻ നായരുടെയും, കോട്ടയം മുനിസിപ്പാലിറ്റി ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, ശ്രീ. എ. കെ. ഗോപാലൻ ചെട്ടിയാരുടെയും, പാലാ മുനിസിപ്പൽ എഞ്ചിനീയർ ശ്രീ. കെ. ജയകുമാറിന്റെയും സാന്നിദ്ധ്യത്തിൽ ടി നിർമ്മാണത്തിൽ പറഞ്ഞിരിക്കുന്ന അപാകതകളെ സംബന്ധിച്ച് ടെക്നിക്കൽ വെരിഫിക്കേഷൻ നടത്തുകയും, ടി 69 മീറ്റർ റിവർവ്യൂ റോഡിന്റെ പ്രവൃത്തിയിൽ റെക്കോർഡ് ചെയ്യുന്നതിൽ പിശക് സംഭവിച്ചിട്ടുള്ളതാണെന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. മൈനർ ഇറിഗേഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാക്ഷ്യപത്രം ഇതിനോടൊപ്പം ചേർത്ത് സമർപ്പിക്കുന്നു. ടി വിവരങ്ങൾ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയത്തിന് 14-6-2006-ലെ പാലാ മുനി.എച്ച്.സി.4374/2001 കത്തുമുഖേന ബന്ധപ്പെട്ട രേഖകൾ ഉൾപ്പെടുത്തിക്കൊണ്ട് റിപ്പോർട്ട് ചെയ്തിട്ടുള്ളതും ആയതിന് കോട്ടയം എൽ. എഫ്. ഡെപ്യൂട്ടി ഡയറക്ടറുടെ 7-7-2006-ലെ എൽ. എഫ്. കെ. പി.2/367/06 നമ്പറായി ലഭിച്ചിട്ടുള്ള മറുപടിയിൽ ടി വിഷയത്തിൽ അപാകതകൾ ഇല്ലെന്ന് വ്യക്തമാക്കിയിട്ടുള്ളതുമാണ്. ടി നിർമ്മാണ പ്രവർത്തനത്തിൽ നിർമ്മിച്ച റോഡിന്റെ നീളം അളന്ന് നോക്കിയതിൽ റോഡിന് യഥാർത്ഥത്തിൽ 69 മീറ്റർ ദൈർഘ്യം ലഭ്യമാണെന്നും എർത്ത് ഫൗണ്ടേഷന്റെ നീളം 63 മീറ്റർ എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് പിശക് സംഭവിച്ചതുമൂലമാണെന്നും കാണുന്നു. ലെവൽ ബുക്കിലും, ഗ്രാഫിലും നടത്തിയിട്ടുള്ള രേഖപ്പെടുത്തലുകളിൽ ഇക്കാര്യം വ്യക്തമാകുന്നുണ്ട്. ടി സാഹചര്യത്തിൽ കോൺക്രീറ്റ് ഫൗണ്ടേഷൻ, ആർ.ആർ. മെർസിനറി എന്നീ ഇനങ്ങളിൽ 69 മീറ്റർ ദൈർഘ്യം എന്ന് കണക്കാക്കി പേയ്മെന്റ് നടത്തിയിട്ടുള്ളത് യഥാർത്ഥത്തിൽ നിർവ്വഹിച്ച പ്രവൃത്തിയുടെ അളവുകളുടെ അടിസ്ഥാനത്തിൽ തന്നെയാണെന്നും ബോധ്യപ്പെടുത്തുന്നു. ഇക്കാര്യത്തിൽ അധിക ചെലവ് ഉണ്ടായിട്ടില്ല. മേൽ സാഹചര്യത്തിൽ അളവുകൾ കൃത്യമായി റെക്കോർഡ് ചെയ്യുന്നതിലുണ്ടായ വീഴ്ച മാപ്പാക്കണമെന്നും യഥാർത്ഥത്തിൽ ചെയ്ത വർക്കിന് മാത്രമേ പണം നൽകിയിട്ടുള്ളൂ എന്നതിനാൽ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം ഉണ്ടാകാത്തത് പരിഗണിച്ച് അധികച്ചെലവ് വന്നുവെന്ന് ഓഡിറ്റിൽ കണ്ടെത്തിയ 1,14,991.35 രൂപയുടെ ഓഡിറ്റ് തടസ്സം നീക്കണമെന്നും അപേക്ഷിക്കുന്നു.

2.14.8 ടി മരാമത്ത് പണിക്കുവേണ്ടി കരാറുകാരൻ വാങ്ങിയ 162 ചാക്ക് സിമന്റിന്റെ വിലയിനത്തിൽ അധികച്ചെലവ് വന്ന 10,004 രൂപ കരാറുകാരന്റെ പക്കൽ നിന്നും കരാറുകാരൻ പണമായി നേരിട്ട് അടയ്ക്കാത്ത സാഹചര്യത്തിൽ നഗരസഭാ സെക്രട്ടറിയുടെ 19-8-2004-ലെ പി.ഡബ്ല്യു3.ഇ.എസ്റ്റി.12/95-96 നമ്പർ ഉത്തരവിൻപ്രകാരം ടിയാൻ നഗരസഭയിൽ കരാറെടുത്ത് പൂർത്തിയാക്കിയിട്ടുള്ള 16-ാം വാർഡ്-ഒലിക്കപ്പാറ വി. റ്റി. കോളേജ് റോഡിൽ കോൺക്രീറ്റ് ഡ്രെയിൻ നിർമ്മിക്കുന്ന വേലയുടെ (ഫയൽ നമ്പർ പി.ഡബ്ല്യു 1-5728/01) ഫൈനൽ ബില്ലിൽ നിന്നും ഈടാക്കുന്നതിന് ഉത്തരവായിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ടി തുക 9/04-ലെ 82-ാം നമ്പർ വൗച്ചർ തീയതി 23-5-2004 പ്രകാരം ക്രമീകരിച്ച് നഗരസഭാ ഫണ്ടിൽ വരവുവച്ചിട്ടുള്ളതാണ്.

വർക്കല കഹാർ,

*അദ്ധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2015 ഡിസംബർ 2.

## അനുബന്ധം

## പ്രധാനപ്പെട്ട നിഗമനങ്ങൾ/ശിപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ് | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 1.1.6 | തദ്ദേശസ്വയംഭരണം | ഓഡിറ്റ് പരാമർശം വന്നതിനുശേഷവും എച്ച്. ആർ. എ. അനുവദിച്ച ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടിയുടെ വിശദാംശങ്ങൾ കൂടി സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു |
| 2 | 1.2.6 | ,, | നഗരസഭയിൽ അടവാക്കേണ്ട ബാക്കി തുക കൂടി മേല്പറഞ്ഞ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്ന് അടിയന്തരമായി ഈടാക്കി റിപ്പോർട്ട് നല്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 3 | 1.3.7 | ,, | മെതിയന്ത്രത്തിന്റെ മൂല്യം പുനർനിർണ്ണയിച്ച് ലേലം ചെയ്ത് വിശദാംശങ്ങൾ സംബന്ധിച്ച റിപ്പോർട്ട് നല്കുവാൻ സമിതി ശിപാർശ ചെയ്യുന്നു |
| 4 | 1.4.7 | ,, | വനിത കാറ്ററിംഗ് യൂണിറ്റിനായി വാങ്ങിയ സാധനസാമഗ്രികൾ ലേലം ചെയ്ത് മുതൽക്കൂട്ടുന്നതിനും മുറി ഉപയോഗപ്രദമാക്കുന്നതിനും നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു |
| 5 | 1.5.4 | ,, | വിജിലൻസ് കേസ് അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി അന്വേഷണ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ രേഖകൾ സഹിതം സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | 1.6.18 | തദ്ദേശസ്വയംഭരണം | ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരം നഷ്ടത്തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കാൻ സമിതി ശിപാർശ ചെയ്യുന്നു |
| 7 | 1.7.18 | ,, | ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ റിപ്പോർട്ടിലെ നിഗമനത്തിന്റെ അടിസ്ഥാനത്തിൽ കരാറുകാരനെ നിയമവിരുദ്ധമായി സഹായിക്കുവാനുള്ള ബോധപൂർവ്വമായ നീക്കം നടത്തിയ ഉദ്യോഗസ്ഥരിൽ നിന്നും നഷ്ടത്തുക ഈടാക്കി റിപ്പോർട്ട് നല്കുവാൻ സമിതി ശിപാർശ ചെയ്യുന്നു |
| 8 | 1.8.9 | ,, | റവന്യൂ റിക്കവറി നടപടി പൂർത്തിയാക്കി ബാധ്യതാ തുക ഈടാക്കിയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു |
| 9 | 1.9.9 | ,, | റവന്യൂ റിക്കവറി നടപടി പൂർത്തിയാക്കി ബാധ്യതാ തുക ഈടാക്കിയത് സംബന്ധിച്ച വിശദാംശം സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു |
| 10 | 1.10.9 | ,, | റവന്യൂ റിക്കവറി നടപടിയിലൂടെ അവശേഷിച്ച തുക ഈടാക്കിയത് സംബന്ധിച്ച വിശദാംശങ്ങൾ സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു |

| 1 | 2 | 3 | 4 |
|---|---|---|---|
| 11 | 1.11.8 | തദ്ദേശസ്വയംഭരണം | നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തതിൻ പ്രകാരമോ സർക്കാർ സമർപ്പിച്ച മറുപടി അനുസരിച്ചോ പദ്ധതി പ്രാവർത്തികമായില്ല എന്ന് സമിതി മനസ്സിലാക്കുന്നു. 1998-ൽ വിഭാവനം ചെയ്ത പദ്ധതി 1,25,971 രൂപ ചെലവാക്കുകയും തുടർന്നുള്ള പല സാമ്പത്തിക വർഷങ്ങളിലും പദ്ധതി നടപ്പിലാക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടും പദ്ധതി പ്രയോഗപഥത്തിലെത്തിക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. സമൂഹത്തിന്റെ അടിത്തട്ടിലുള്ള ജന വിഭാഗങ്ങൾക്ക് ഉപയോഗപ്രദമായി വിനിയോഗിക്കേണ്ട തുക ഇത്തരത്തിൽ പാഴ്ച്ചെലവായി പോകുന്നത് ആസൂത്രണത്തിന്റെയും ദീർഘവീക്ഷണത്തിന്റെയും നിശ്ചയദാർഢ്യത്തിന്റെയും അഭാവമാണെന്ന് സമിതി വിലയിരുത്തുന്നു. പരാമർശവിധേയമായ പദ്ധതിയോ പകരം മറ്റേതെങ്കിലും പദ്ധതിയോ നടപ്പിലാക്കി മേല്പറഞ്ഞ മേഖലയിലെ ജനങ്ങളുടെ കുടിവെള്ളം എന്ന ആവശ്യം നിറവേറ്റുന്നതിന് വേണ്ട നടപടി സ്വീകരിക്കുവാനും ആയത് സംബന്ധിച്ച് സ്വീകരിച്ച നടപടിയുടെ റിപ്പോർട്ട് സമർപ്പിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.